## പുനരൈക്യപന്ഥാവിലെ

# പ്രകാശഗോപുരം

### സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ

ജേക്കബ് സി. കോശി
റെജി സി. മാത്യു
ചക്കാലമണ്ണിൽ

BP. No. 178

ബഥനി പബ്ലിക്കേഷൻസ്, കോട്ടയം
2017



www.malankaralibrary.com




(Malayalam)
*Punaraikyapanthavile*
*Prakasagopuram*
(History)

Compiled by : Jacob C. Koshy
Reji C. Mathew
Chackalamannil

First Published : 15th September 2017
Rights Reserved : Bethany Publications
Published by : Fr. Varghese Thykoottathil OIC
Bethany Publications, Kottayam-686 010
Ph: 0481 - 2578494
e-mail: bethanyktm@gmail.com

Printed at : Bethany Offset Printers, Kottayam-686 010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

Price : ₹ 90/-


www.malankaralibrary.com

# സമർപ്പണം

വിശ്വാസതീക്ഷ്ണതയാൽ കത്തിജ്വലിച്ച്
രക്തം ചിന്താതെ രക്തസാക്ഷിത്വം വഹിച്ച്
പുനരൈക്യത്തിന് മൂലക്കല്ലായിതീർന്ന
വിസ്മരിക്കപ്പെട്ടുപോയ
സകല പിതാമഹന്മാർക്കുവേണ്ടിയും...
മന്ദഗതിയിൽ ഇഴഞ്ഞുനീങ്ങുന്ന അവരുടെ
പിൻതലമുറക്കാരുടെ ഉണർവ്വിനുവേണ്ടിയും...
സത്യസഭയിലേയ്ക്ക്
ഇനിയും കടന്നുവരാനിരിക്കുന്ന
അവരുടെ മറ്റ് പിൻതലമുറക്കാരുടേയും
പ്രചോദനത്തിനുവേണ്ടിയും...
ഓളങ്ങളിൽ, ഓജസ്സും തേജസ്സും നഷ്ടമാക്കുന്ന
അവരുടെ ഇളംതലമുറക്കാരുടെ
തിരിച്ചറിവിനുവേണ്ടിയും....
പൂർവ്വപിതാക്കന്മാരുടെ സ്മരണ
മാഞ്ഞുപോകാതെ നിലനിർത്തുന്നതിനുവേണ്ടിയും...
അന്നും ഇന്നും സജീവമായി നിലകൊള്ളുന്നു.
ഓർമ്മകൾ പങ്കുവയ്ക്കുന്നു...

**ജേക്കബ് സി.കോശി**
**റെജി സി. മാത്യു**


www.malankaralibrary.com

# ***ACKNOWLEDGEMENT***

No creation in this world is a solo effort. Neither is this book.

My effort was stagnant for the past two years. The confidence and enthusiasm was regained later and this presentable form of history of Thumpamon Vallyappan and descendents, was born.

The systematic probe made into the History of my Great Grandfather “Chackalamannil Thumpamon Vallyappan” has revealed the invisible Hand of Almighty in unearthing the History buried for about 87 years.

The Syro- Malankara Catholic Church has also grown beyond the wild imaginations of our Ancestors.

I would like to thank:

* God Almighty for His love and blessings
* Mr.Jomy Thomas Kalayapuram, for his keen interest, effort and guidance in the initial stages of the book in a different format. He put the name of this book as “PUNARAIKYA PANTHAVILE PRAKASHA GOPURAM”.
* Rev.Fr.Abraham Pappadiyil, former Chancellor of Mavelikkara diocese.
* Sree.Peter Abraham for giving me the “spark”to initiate and probe the history.
* Rev.Fr.C.K. Koshy (Aniyankunju) for his enthusiasm and support to make this a realty.
* Mr.C.K Thomas (Pappachan) and Ammamma for their guidance and support.
* Mr.C.K Joseph (Kunjumon) and Ammamma who appreciated the effort and advised me to make it in a systematic sequence.
* Mr.Reji C Mathew for his active participation, probing and providing the vital notes of the Ancestors.
* My wife Daisy for the relentless support she extended to sustain the initial enthusiasm
* Mrs. Elsamma Joy Joseph (Rani) for assisting me in writing down the full manuscript and translating the same into the presentable Malayalam.



www.malankaralibrary.com

I would like to welcome you all for going through the history of a Great Man who in the midst of stiff resistance and ridiculing in his family and public stood steadfastly with the belief.

He embraced the True Catholic Church in 1923 and then the re-union movement of 1930, along with Mar Ivanios Thirumeny who led the historic Re-union movement.

He and his strong belief was the sole reason for establishing the Thumpamon North Ramanchira Parish and the believers. He donated his land to Malankara Catholic Church, where he had already made a chapel in 1925 with the blessings of the missionaries led by Rev.Fr.Gregory.

He was able to proceed further with the strong support, guidance, and blessings of Mar Ivanios Thirumeny from 1930.

I am paying the belated tribute to the great man and his glorious deeds in making us the privileged and proud followers of Syro-Malankara Catholic Church. I also beg him forgiveness and believe that He will request the Almighty to forgive me for the very belated tribute.

This year, the 80th commemoration year of "Chackalamannil Thumpamon Vallyappan" is coinciding with the 87th "Punraikya Varshikam".I am trying to pay him and other pioneers who sustained the belief in the True Church, respect and reverence they commanded, in their time and in the present.

We are, what we are today due to the strong belief and bold decisions he took almost a century before.

I am remembering and praying for my Appachan Mr.C.Koruthu Koshy (Kochoikunju) and my dear Ammachy, Sosamma Koshy on their 41st Death Anniversary in this year.

I am also praying for Rev.Sr.Victima(Kunjinnammamma)Rev.Sr.Sebia (Kochupengal) and Babychayan and his son Shaji who reached the heavenly abode early to pave the way to all of us.

I consider it my privilege to record and remember C.M Mathew (Pappichayan) (Son of my grandfather's brother) and his son Mr. C.M. Mathew (Kunjuttichayan) and all other relatives and friends who believed in the True Church. They all have made immense contribution to sustain the true faith of Ramanchira Parish and believers.



www.malankaralibrary.com

All the available data's regarding Thumpamon Vallyappan, his Ancestors, descendants and Ramanchira Parish members in the initial stages and present are probed deeply and have tried my best to project his life and great deeds which has inspired many.

Let this book be an inspiration and rejoice for the present and future generations who are still in "Punraikya Panthavil".

I have tried my best to provide the full details of the ancestors and those who were influenced by the deed of my Vallyappachan and who were blessed to sustain the belief. Please do feel free to suggest any improvement that will highlight the life of my Vallyappan "Chackalamannil Thumpamon Vallyappan" for the next edition.

I remember the famous words of Warren Buffet "Someone is sitting in the shade today because someone planted a tree a long time ago"

The sum of all reasons is that God Almighty commands us to teach the world the entire truth he has revealed in His words. Thumpamon Vallyappan has obeyed Him and proclaimed his words and deeds.

I would like to thank His Grace Dr. Joshua Mar Ignathios, Bishop of Mavelikara for extending his Prayers and blessings. His kind encouragement has given me the strength and helped me to unveil the difficult times of the Ancestors in the initial stages of "Punaraikyam"

I proudly and humbly present this book to all the believers of the True Church. Let the Almighty bless and inspire you to affirm the faith and proclaim.

This endure would have been impossible without the kind and persuasive support and encouragement of my brother Aniyachayan (Rev.Fr. C.K .Koshy, Chackalamannil)

**Jacob C.Koshy**
**(Jameskutty)**

1st September 2017



www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | മുഖമൊഴി | 10–12 |
| 2. | യശ്ശഃശരീരരായ പൂർവ്വ–സഭാമേലദ്ധ്യക്ഷന്മാർ | 13–15 |
| 3. | ശ്ലൈഹികാശംസ | 16–17 |
| 4. | അനുഗ്രഹ ആശംസകൾ | 18–25 |
| 5. | തുമ്പമൺ വല്യപ്പൻ | 26–28 |
| 6. | ആമുഖം | 29–32 |
| 7. | ചക്കാലമണ്ണിൽ കുടുംബചരിത്രം | 33–34 |
| 8. | തുമ്പമൺ വല്യപ്പൻ – ഓർമ്മക്കുറിപ്പുകൾ | 35–62 |
| 9. | പുനരൈക്യപ്പെട്ട ചക്കാലമണ്ണിൽ കുടുംബ വംശാവലി | 63–116 |
| 10. | രാമഞ്ചിറ സെന്റ് പോൾസ് മലങ്കര കാത്തലിക് ഇടവക–ഒരവലോകനം | 117–130 |




www.malankaralibrary.com

# മുഖമൊഴി

'**പു**നരൈക്യപന്ഥാവിലെ പ്രകാശഗോപുരം' എന്ന ഈ ചെറുഗ്രന്ഥം സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺവല്യപ്പന്റെ സമഗ്രമായ ജീവിതത്തേയും പ്രത്യേകിച്ച് തന്റെ ആത്മീയ ജീവിതത്തെയും അതിന്റെ നിർമ്മലമായ പൂർണ്ണതയിൽ അവതരിപ്പിക്കപ്പെടുന്നതാണല്ലോ. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലുള്ള അദ്ദേഹത്തിന്റെ ഔന്നത്യത്തെയും സമർപ്പണത്തെയും സംലഭ്യതയെയും, അതിലൂടെ അനുഭവവേദ്യമായ സഭാത്മക ആത്മീയ സംതൃപ്തിയേയും സമ്യക്കായി വിശകലനം ചെയ്യുന്നു. "മരിക്കാൻ കത്തോലിക്കാ സഭപോലെ മറ്റൊന്നില്ല" എന്ന് സ്വയം പറയുവാനും, മറ്റുള്ളവരെക്കൊണ്ട് പറയിപ്പിക്കുവാനും അതിൽ സംതൃപ്തിയടഞ്ഞ് ജീവിതം സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുവാനും സാധിച്ച ഒരു ജീവിതസാക്ഷ്യത്തിനുടമയാണ് തുമ്പമൺ വല്യപ്പൻ. ഇന്നത്തെ നമ്മുടെ സഭാത്മകജീവിതത്തിൽ വിരളമായി കാണുന്ന ജീവിതസാക്ഷ്യത്തിന് മകുടോദാഹരണം. മറ്റു പുസ്തകങ്ങളിൽനിന്നും തികച്ചും വിഭിന്നമായി ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തുന്നതിനെക്കാളുപരി 'വല്യപ്പനുമായി' ബന്ധമുള്ളവർ, 'വല്യപ്പനെ' അറിയാവുന്ന ആളുകൾ അദ്ദേഹത്തെപറ്റി എഴുതിയ വിവരണങ്ങളാൽ ഈ പുസ്തകത്തിന്റെ ആദ്യഭാഗം നിറഞ്ഞുനിൽക്കുന്നു. രണ്ടാം ഭാഗം പിൻതലമുറക്കാരുടെ ജീവിതവും ഇന്നത്തെ അവരുടെ പ്രവർത്തനങ്ങളും തന്നെ.

ഭൂതകാലത്തിന്റെ സമ്പത്താണ് ചരിത്രം. സമ്പത്ത് മനസ്സിലാക്കപ്പെടേണ്ടതും ഉൾക്കൊള്ളപ്പെടേണ്ടതും വർത്തമാനകാലത്താണ്. സാമൂഹിക ഐക്യം, സമരസത്ത ഇവയൊക്കെ എക്കാലത്തെക്കാളും ഉപരി അനുഭവ വേദ്യമാക്കാൻ മുറവിളി കൂട്ടുന്നത് വർത്തമാനകാലത്തുതന്നെ. ഭൂതകാലം എന്നും പുനർവായനകൾക്കും, വിശകലനത്തിനും, പഠനത്തിനും ഒക്കെ വിധേയമായിക്കൊണ്ടിരിക്കണം. നാം ചരിത്രം പഠന വിഷയമാക്കുമ്പോൾ ചരിത്രത്തിൽ നാം എവിടെവരെ ആണ് നിൽക്കുന്നത് എന്നും ചരിത്ര അനുഭവങ്ങളോടുള്ള നമ്മുടെ പ്രതിബദ്ധത എന്തെന്നും മനസ്സിലാക്കാൻ കഴിയും. ഒപ്പം ചരിത്രത്തിലെ മറയാത്ത ചില സത്യങ്ങൾക്ക് സാക്ഷികളാകാനും കഴിയും. 'ഒരു കുടുംബചരിത്രം' ആ ചരിത്രത്തിലെ അടിസ്ഥാനകാര്യങ്ങൾ, അനുഭവങ്ങൾ, സമർപ്പണം, ബന്ധം, ബന്ധന ങ്ങളൊക്കെ ഈ ചരിത്രപുസ്തകത്തിൽ അനാവരണം ചെയ്യുന്നു.



www.malankaralibrary.com

ഇതിന്റെ താളുകളിലൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ പൂർവ്വപിതാക്കന്മാർ ജീവിച്ച അതെ അനുഭവത്തിന് സാക്ഷികളാകാൻ കഴിയും. പുനർജീവിതം പിൻതലമുറക്കാരിൽ രൂഢമൂലമാവുകയും ചെയ്യും. ഈ പുസ്തകം ചക്കാലമണ്ണിൽ കുടുംബത്തോടൊപ്പമുളള ഒരു 'പിൻനടത്തം' ആണ്. കുടുംബത്തിന്റെ പൈതൃകം തിരിച്ചറിയാൻ, ചരിത്ര മാതൃകകളെ കണ്ടെത്തി അതിനനുസരിച്ച് ജീവിക്കാൻ ഇളം തലമുറയെ ആദ്യാവസാനം ഈ പുസ്തകം ആഹ്വാനം ചെയ്യുന്നു.

"വേരുകൾ" തിരഞ്ഞുപിടിച്ച് വേരുകളോടു ബന്ധപ്പെടാനുള്ള വൃക്ഷത്തിലെ ശാഖകളുടെ എളിയ ശ്രമമാണ് പുസ്തകത്തിന്റെ ഉൾക്കാമ്പ്. ചരിത്രവസ്തുക്കളുടെയും അനുഭവങ്ങളുടെയും കൃത്യവും വ്യക്തവുമായ ഒരു അവതരണം എന്നതിനെക്കാൾ ഉപരി, ഒരു പിതാവു തന്റെ മക്കൾക്കു നൽകിയ അനന്യസാധാരണമായ ജീവിതക്രമം പച്ചയായ അനുഭവങ്ങളിലൂടെയും ആ പിതാവിനെ വിവിധ വ്യക്തിത്വങ്ങളിലൂടെയും മനസ്സിലാക്കാനും അവതരിപ്പിക്കാനും ഉള്ള നന്മ ഈ ചെറുഗ്രന്ഥത്തിന്റെ തനിമയായി കാണാം. ഓർമ്മ ജീവൽഗന്ധിയാണ്. ഓർമ്മ ജീവൽ ഗന്ധിയാകുന്നത് ഓർമ്മയിലെ സജീവത തന്നെ. ഈ പുസ്തകത്തിന്റെ ആദ്യാവസാന താളുകളിൽ പിതാക്കന്മാരെ പറ്റിയുള്ള ഒരു "ക്രിസ്തീയ ഓർമ്മ" വിശ്വാസപരമായ ഓർമ്മയാൽ പൂർത്തീ കരിക്കപ്പെടുന്നു. ഇത് മറ്റ് ചരിത്രപുസ്തകങ്ങളിൽ നിന്നും ഈ പുസ്തകത്തെ തികച്ചും വ്യത്യസ്തമായ ഒരു അനുഭവമാക്കി മാറ്റുന്നു. പിതാവ് മകൾക്ക് പകർന്നു കൊടുത്ത വിശ്വാസ പൈതൃകവും, പിതാവിന്റെ ജീവിത അനുഭവങ്ങളിലെ ജീവിത ത്യാഗവും അനുകരണീയ മാതൃകകളും ഇന്ന് ജീവിക്കുന്ന കുടുംബാംഗങ്ങളോടൊപ്പംതന്നെ നാളത്തെ കുടുംബങ്ങൾ രൂപപ്പെടു ത്തുന്നതിൽ വലിയ സ്വാധീനം ചെലുത്തും എന്നതിൽ സംശയം ഇല്ല. കുടുംബം മറന്ന് അകാരണമായി ലഭിച്ച സമ്പത്തിന്റെയും സ്ഥാന മാനങ്ങളുടെയും തിമിർപ്പിൽ ജീവിച്ച് കുടുംബത്തെ മറന്ന് കുടുംബ മൂല്യങ്ങൾക്ക് യാതൊരു വിലയും കൊടുക്കാതെ വളർന്ന്, തകർന്ന് തരിപ്പണ മാകുന്ന കുടുംബങ്ങൾക്ക് ഒരു വലിയ ദർശനവും മാർഗ്ഗദീപവും ഈ പുസ്തകത്തിലെ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.

ഈ പുസ്തകത്തിൽ അനാവരണം ചെയ്യുന്ന പിതാവിന്റെ ജീവിതം സമ്യക്കായി ശോധനചെയ്യുമ്പോൾ നാം മറക്കാതെ കാത്തുസൂക്ഷിക്കേണ്ട സത്യം ഈ പിതാവ് വിശ്വാസത്തിന്റെ പിതാവ് ആണ് എന്നുള്ളതുതന്നെ. വിശ്വാസജീവിതത്തിൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ ദൈവാശ്രയത്തിന്റെയും ദൈവസമർപ്പണത്തിന്റെയും തെളിവാർന്ന ഒരു ജീവിതസാക്ഷ്യമാണ് ഈ പിതാവിന്റെ ജീവിതത്തിലൂടെ പുസ്തകം നമ്മുടെ മുന്നിൽ തുറന്നു കാട്ടുക.


www.malankaralibrary.com

ഈ സനാതനമായ ജീവിതസാക്ഷ്യത്തെ ഒരു കത്തുന്ന തിരിപോലെ പിൻതുടരുന്ന പിൻതലമുറകളുടെ ആഗ്രഹം പുസ്തക പ്രകാശനത്തിന്റെ സത്തയാണ്. നാം എന്നും വി.കുർബാനയിൽ പ്രാർത്ഥിക്കുന്നതുപോലെ "നാം ദൈവത്തിന്റെ മക്കളായി തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ" ഓർക്കാനും അവരുടെ ജീവിത സാക്ഷ്യത്തിന്റെ നന്മ ജീവിതകാലം മുഴുവനും അനുഭവിക്കുവാനും അതിൽ നന്ദിയുള്ളവരാകുവാനും, അവരോട് വിധേയത്വ ഉള്ള ഒരു തലമുറയായി വളർന്നുവരുവാനുമുള്ള എളിയ ശ്രമമാണ് പുസ്തക പ്രകാശനത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നത്.

അതെ, പരേതരായ നമ്മുടെ പൂർവ്വപിതാക്കന്മാർ സ്വർഗ്ഗീയ ഗണത്തിലെ അംഗങ്ങളാണ്. അവരുടെ ജീവിതവും സാക്ഷ്യവും നമ്മെ മാടിവിളിക്കുന്നത് ആ അനുഭവത്തിനുതന്നെ ലോകത്തിൽ സാക്ഷികളാകാനാണല്ലോ. ഈ പുസ്തക പ്രകാശനത്തിലൂടെ ചക്കാലമണ്ണലിൽ കുടുംബത്തിലെ പൂർവ്വ പിതാക്കന്മാരെ നാം ഓർക്കുന്നു. അതിനോടൊപ്പം നമുക്ക് തന്നിരിക്കുന്ന ആയുസ്സിൽ ഈ ലോകത്തിൽ ജീവിക്കാനുള്ള ക്ഷമയും വെല്ലുവിളിയും ഈ പുസ്തകം പ്രദാനം ചെയ്യുന്നു. "എന്റെ ജീവിതം കണ്ട് അവർ വേണ്ടതു ചെയ്തുകൊള്ളട്ടെ എന്നാണ് ഞാൻ വച്ചിരിക്കുന്നത്. അവർക്കുവേണ്ടി ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നുണ്ട്". വല്യപ്പൻ തന്റെ ജീവിതത്തിലൂടെ പിൻതലമുറക്കാരോട് ആഹ്വാനം ചെയ്ത് പ്രാർത്ഥിക്കുന്ന ജീവിതമാതൃക ആധുനിക വിശ്വാസജീവിതത്തിൽ അനുകരണീയം തന്നെ.

നാമവും നാമധാരികളും തമ്മിലുള്ള ബന്ധം സുപരിചിതമാണല്ലോ. നാമം നിത്യമാണ്. നാമധാരികൾ നിത്യമല്ല. 'ചക്കാലമണ്ണിൽ' എന്ന കുടുംബം നിത്യമായി നിലനിൽക്കും. 1770 മുതൽ 2017 വരെയുള്ള ഒരു നീണ്ട ചരിത്രത്തിലെ അനുഭവങ്ങളാലും സത്താപരമായ ഇടപെടലുകളാലും സജീവമാകുന്ന ഈ കുടുംബചരിത്രം പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യാൻ നേതൃത്വം നല്കിയ കുടുംബാംഗമായ ശ്രീമാൻ ജേക്കബ് കോശിയേയും അദ്ദേഹത്തോടൊപ്പം ഈ ഉദ്യമത്തിൽ ഉൾച്ചേർന്ന എല്ലാവരെയും നന്ദിപൂർവ്വം അനുസ്മരിച്ചുകൊണ്ടും പ്രാർത്ഥനകളും ആശംസകളും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**



www.malankaralibrary.com



HIS GRACE THE MOST REV.METROPOLITAN ARCHBISHOP

# GEEVARGHESE MAR IVANIOS PANIKKERVEETIL

THE FATHER OF THE MALANKARA REUNION MOVEMENT
THE FIRST METROPTAN ARCHBISHOP OF TRIVANDRUM

| | | |
|---|---|---|
| BORN | : | 21-09-1882 |
| ORDAINED PRIEST | : | 15-08-1909 |
| CONSECRATED BISHOP | : | 02-05-1925 |
| REUNITED | : | 20-09-1930 |
| INVESTED WITH PALLIUM | : | 04-05-1932 |
| INSTALLED AS ARCHBISHOP | : | 12-03-1933 |
| DIED | : | 15-07-1953 |
| ENTOMBED | : | 17-07-1953 |
| CANONIZATION PROCESS STARTED | : | 25-02-1998 |
| SERVANT OF GOD DECLARAED BY MORAN MOR BASELIOS CLEEMIS MAJOR ARCHBISHOP-CATHOLICOS | : | 14-07-2007 |
| TOMB OPENED, MORTAL REMAINS VERIFIED AND INTERRED BY MORAN MOR BASELIOS CARDINAL CLEEMIS MAJOR ARCHBISHOP-CATHOLICOS | : | 23-06-2014 |



www.malankaralibrary.com



HIS GRACE THE MOST REV.METROPOLITAN ARCHBISHOP

# BENEDICT MAR GREGORIOS THANGALATHIL

## THE SECOND ARCHBISHOP OF TRIVANDRUM

| | | |
|---|---|---|
| BORN | : | 01-02-1916 |
| ORDAINED PRIEST | : | 24-08-1944 |
| CONSECRATED BISHOP | : | 29-01-1953 |
| INSTALLED AS ARCHBISHOP | : | 27-01-1955 |
| INVESTED WITH PALLIUM | : | 14-05-1959 |
| DIED | : | 10-10-1994 |



www.malankaralibrary.com



HIS BEATITUDE

# MORAN MOR CYRIL BASELIOS MALANCHARUVIL

## THE FIRST MAJOR ARCHBISHOP-CATHOLICOS OF THE SYRO-MALANKARA CATHOLIC CHURCH

| | | |
|---|---|---|
| BORN | : | 16-08-1935 |
| RELIGIOUS PROFESSION IN O.I.C. BETHANY ASHRAM | : | 18-03-1953 |
| ORDAINED PRIEST | : | 14-10-1960 |
| CONSECRATED BISHOP | : | 28-12-1978 |
| INSTALLED BISHOP OF BETHERY | : | 02-02-1979 |
| ADMINISTRATOR OF THE S.M.C.C. | : | 10-10-1994 |
| APPOINTED METROPOLITAN -ARCHBISHOP | : | 06-11-1995 |
| INVESTED WITH PALLIUM | : | 09-01-1996 |
| APPOINTED MAJOR ARCHBISHOP -CATHOLICOS | : | 10-02-2005 |
| ENTHRONED MAJOR ARCHBISHOP-CATHOLICOS | : | 14-05-2005 |
| DIED | : | 18-01-2007 |



www.malankaralibrary.com



His Beatitude

# MORAN MOR BASELIOS CARDINAL CLEEMIS CATHOLICOS

**THE MAJOR ARCHBISHOP-CATHOLICOS, THE PRESIDENT OF THE HOLY EPISCOPAL SYNOD**



www.malankaralibrary.com

The Syro-Malankara Catholic Church

BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

# ശ്ലൈഹികാശംസ

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് രൂപം നൽകിയ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയുടെ സഭൈക്യത്തിന് 7 വർഷം മുമ്പ് കത്തോലിക്കാസഭയിൽ ഉത്തമ വിശ്വാസത്തോടും ബോദ്ധ്യത്തോടും കൂടി പ്രാർത്ഥനാപൂർവ്വം പ്രവേശിച്ച പുണ്യാത്മാവാണ് ചക്കാലമണ്ണിൽ വല്യപ്പൻ എന്നറിയപ്പെടുന്ന ചക്കാലമണ്ണിൽ ശ്രീ.തൊമ്മൻ കോരുത്. പുനരൈക്യ പ്രസ്ഥാനത്തിന് വഴിയൊരുക്കിയ അനേകം ചരിത്ര സംഭവങ്ങളുണ്ട്. വിസ്മരിക്കാനാവാത്ത വ്യക്തികളുണ്ട്. അപ്രകാരം അവിസ്മരണീയമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ.തൊമ്മൻ കോരുത്. കത്തോലിക്കാ സഭയിലേയ്ക്ക് അനേകരെ എത്തിക്കുന്നതിന് തുമ്പമൺ വല്യപ്പൻ സഹായിച്ചു. അദ്ദേഹത്തിന്റെ പിൻതലമുറക്കാരായ കുടുംബാംഗങ്ങളും സഭയെക്കുറിച്ചുള്ള തീഷ്ണതയിൽ ഇന്നും സജീവമായി പ്രവർത്തിക്കുന്നവരാണ് എന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്നു.

വിശ്വാസത്തിന് എന്ത് വില നൽകേണ്ടിവരും? ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരമാണ് ശ്രീ തുമ്പമൺ വല്യപ്പന്റെ ജീവിതസാക്ഷ്യം ! ചക്കാലമണ്ണിൽ ബഹു.കോശി അച്ചന്റെ പൗരോഹിത്യ ജീവിതം ഈ വർത്തമാനകാലത്ത് മേൽപ്പറഞ്ഞ ജീവിത സാക്ഷ്യത്തെ വീണ്ടും സജീവമാക്കി നമ്മുടെയിടയിൽ നിലനിർത്തുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മുന്നോടിയായും മുന്നണിപ്പോരാളിയായും പ്രവർത്തിച്ചിട്ടുള്ള ശ്രീ തൊമ്മൻ കോരുതിന്റെ സമർപ്പണത്തിനും മുമ്പിൽ ശിരസു നമിക്കുന്നു. ആത്മാർത്ഥമായ കൃതജ്ഞത അർപ്പിക്കുന്നു. ധന്യാത്മാവിൻ നിത്യവിശ്രമം നേരുന്നു. കുടുംബാംഗങ്ങളായ ഏവരെയും സ്നേഹപൂർവ്വം ഓർക്കുന്നു. നിങ്ങളെയും കുടുംബാംഗങ്ങളെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. തുമ്പമൺ വല്യപ്പനെക്കുറിച്ചുള്ള ഈ സ്മരണിക പ്രസിദ്ധീകരിക്കുവാൻ മുൻകൈയെടുത്ത എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

+Baselios Cleemis

**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചു ബിഷപ്പ്.

BASELIOS CARDINAL CLEEMIS ★ THE SYRO MALANKARA CATHOLIC CHURCH ★ MAJOR ARCHBISHOP-CATHOLICOS

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA



www.malankaralibrary.com



HIS EXCELLENCY MOST

**REV.YOOHANON MAR CHRYSOSTOM**

THE METROPOLITAN OF PATHANAMTHITTA



www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail: bpdiopta@gmail.com

## ആശംസ

**തു**മ്പമൺ വല്യപ്പൻ എന്നറിയപ്പെടുന്ന ശ്രീ.തൊമ്മൻ കോരുതിന്റെ 80-ാം ചരമവാർഷികത്തിൽ അദ്ദേഹത്തെക്കുറിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട ഗ്രിഗറി നീരാക്കൽ CMI എന്ന കർമ്മലീത്താ വൈദികനുമായി 1922-ൽ അദ്ദേഹം സമ്പർക്കം പുലർത്തുകയും കത്തോലിക്കാസഭയെപ്പറ്റി പഠിക്കുകയും ചെയ്തു. കുളനടയിലും പന്തളത്തും തുമ്പമണ്ണും കൊട്ടാരക്കരയിലും കർമ്മലീത്താ വൈദീകർ മാറിമാറി താമസിച്ചപ്പോൾ ശ്രീ. തൊമ്മൻ കോരുത് അവർകൾ ഈ സ്ഥലങ്ങളിലൊക്കെ അവരെ സന്ദർശിക്കുകയും കത്തോലിക്കാസഭയെപ്പറ്റി കൂടുതലായി ഗ്രഹിക്കാൻ പരിശ്രമിക്കുകയും ചെയ്തു. പ്രശസ്തമായ ചക്കാലമണ്ണിൽ ഇടയിലെവീട്ടിൽ കുടുംബാംഗമായ അദ്ദേഹം ആദ്യം മാർത്തോമാസഭാംഗമായിരുന്നു. ഈ സഭ യാക്കോബായ സഭയിൽ നിന്ന് 1889-ൽ പിരിയുകയും കുറെ പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച് നവീകരണസഭയായി മാറുകയും ചെയ്തതാണ് എന്ന് ഗ്രഹിച്ച് ശ്രീ.തൊമ്മൻ കോരുത് യാക്കോബായസഭയിൽ ചേർന്നു. അദ്ദേഹം തന്റെ സത്യാന്വേഷണം അതുകൊണ്ട് അവസാനിപ്പിച്ചില്ല. ആ അന്വേഷണമാണ് അദ്ദേഹത്തെ കർമ്മലീത്ത സഭയെപ്പറ്റി പഠിക്കാൻ പ്രേരിപ്പിച്ചതും, 1923 ൽ 70-ാം വയസ്സിൽ കത്തോലിക്കാസഭയിൽ ചേർന്നതും. മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിന് ഏഴുവർഷം മുമ്പ് കത്തോലിക്കാസഭയെ ആശ്ലേഷിച്ച സത്യാന്വേഷിയായിരുന്നു അദ്ദേഹം.



www.malankaralibrary.com

ഈ പ്രദേശത്തുനിന്ന് ആദ്യമായി പുനരൈക്യപ്പെട്ടത് അദ്ദേഹമാണ്. കത്തോലിക്കാ സഭാപ്രവേശനത്തിനുശേഷം സദാ ഒരു ക്രൂശിതരൂപം അദ്ദേഹം കഴുത്തിൽ ധരിച്ചിരുന്നു. സത്യം ഗ്രഹിച്ചിട്ടാണ് താൻ കത്തോലിക്കാസഭയിൽ ചേർന്നതെന്ന് തന്നെ ചോദ്യം ചെയ്തവരോട് അദ്ദേഹം സ്നേഹപൂർവ്വം പറയുമായിരുന്നു. സത്യത്തിന്റെ പൂർണ്ണത കത്തോലിക്കാസഭയിലാണുള്ളത് എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. സഭൈക്യത്തിന്റെ വലിയ ഒരു സാക്ഷിയായി തുമ്പമൺ പ്രദേശത്ത് അദ്ദേഹം ചുറ്റിനടന്ന് സ്നേഹസന്ദേശം നൽകി. രാമൻചിറപള്ളിയും ശവക്കോട്ടയ്ക്കുമുള്ള സ്ഥലം അദ്ദേഹം സഭയ്ക്ക് ദാനമായി എഴുതിതന്നതാണെന്ന സംഗതി ഇത്തരുണത്തിൽ നന്ദിപൂർവം ഓർക്കുന്നു. ബഹുമാനപ്പെട്ട കോശി ചക്കാലമണ്ണിൽ അച്ചൻ ഇദ്ദേഹത്തിന്റെ കുടുംബ പരമ്പരയിൽപ്പെട്ട വന്ദ്യദ്ദേഹമാണ്. തുമ്പമൺ വല്യപ്പൻ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് സഭൈക്യത്തിനുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ. അദ്ദേഹത്തിന്റെ മാതൃക നമ്മുടെ സഭൈക്യപ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരട്ടെ.

'പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം' എന്ന ഈ സമാഹാരം പ്രസിദ്ധീകരിക്കുവാൻ തയ്യാറാക്കിയ ശ്രീ.ജേക്കബ് സി.കോശിയേയും, ചക്കാലമണ്ണിൽ കുടുംബത്തെയും അഭിനന്ദിക്കുന്നതോടൊപ്പം ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ

MALANKARA CATHOLIC CHURCH
DIOCESE OF PATHANAMTHITTA

+ Yms. Chrysostom

**യൂഹാനോൻ മാർ ക്രിസോസ്റ്റം**
**പത്തനംതിട്ട മെത്രാപ്പോലീത്ത**

പത്തനംതിട്ട
ആഗസ്റ്റ് 31, 2017



www.malankaralibrary.com



HIS EXCELLENCY

**MOST REV.DR.JOSHUA MAR IGNATIOS**

THE METROPOLITAN OF MAVELIKARA



www.malankaralibrary.com

# DIOCESE OF MAVELIKARA

JOSHUA MAR IGNATHIOS

Bishop of Mavelikara

മലങ്കരയിലെ പുനരൈക്യത്തിന് ഏഴ് വർഷം മുൻപ് ഓർത്തഡോക്സ് സഭയിൽ നിന്ന് കത്തോലിക്ക സഭയിൽ കൊല്ലം രൂപതയിൽ പുനരൈക്യപ്പെട്ട 'തുമ്പമൺ വല്ല്യപ്പൻ' എന്ന് അറിയപ്പെടുന്ന ചക്കാലമണ്ണിൽ തൊമ്മൻ കോരുതിന്റെ വിശ്വാസജീവിതവും സഭാദർശനവും ഏവർക്കും പ്രചോദനം നൽകുന്നതാണ്. താൻ ഹൃദയത്തിൽ സ്വീകരിച്ച യേശുക്രിസ്തുവിനെയും കത്തോലിക്ക സഭയേയും ആഴത്തിൽ അനുഭവിക്കാനും, പ്രഘോഷിക്കുവാനും സാധിച്ചു. ഈ സത്യത്തിനു വേണ്ടി ഏത് ത്യാഗവും ഏറ്റെടുക്കാനും അദ്ദേഹം മനസ്സുകാണിച്ചു.

അതിപുരാതനമായ ഒരു കുടുംബത്തിൽ 'തുമ്പമൺ വല്ല്യപ്പൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ചക്കാലമണ്ണിൽ തൊമ്മൻ കോരുതിന്റെ ആഴമായ വിശ്വാസ തീഷ്ണതയുടെ അടയാളമായി കഴുത്തിൽ എപ്പോഴും അണിഞ്ഞിരുന്ന 'വെന്തിങ്ങ്' അദ്ദേഹത്തിന് ഒരു ആത്മബലമായിരുന്നു. ഇത് മൂലം പല പരിഹാസനാമങ്ങളും അദ്ദേഹത്തിന് കേൾക്കേണ്ടി വന്നിരുന്നു. എന്നാൽ ഇതൊന്നും സഭാസ്നേഹത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. അക്കാലത്ത് ദീർഘദൂരം നടന്ന് കൊട്ടാരക്കരയിലെ സെന്റ്.മൈക്കിൾസ് കത്തോലിക്കാ പള്ളിയിൽ പോയി വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നത് അദ്ദേഹത്തിന്റെ ആത്മീയ തീക്ഷ്ണതയുടെ സാക്ഷ്യമായിരുന്നു.

തന്റെ കുടുംബസ്ഥിതിയും സമ്പത്തും സ്ഥാനവും അധികാരവും സത്യസഭയ്ക്കുവേണ്ടി വിശുദ്ധ പൗലോസ് ശ്ലീഹായേപ്പോലെ ഉച്ചിഷ്ടംപോലെ തള്ളിക്കളഞ്ഞ് തന്നെ കളിയാക്കിയവരുടെ നേരെ തന്റെ കഴുത്തിൽ അണിഞ്ഞിരുന്ന 'വെന്തിങ്ങ' എടുത്ത് കാണിച്ച് അതിൽ ആത്മാഭിമാനം കൊണ്ട വ്യക്തിയായിരുന്നു 'തുമ്പമൺ വല്യപ്പൻ'. ഈ തീഷ്ണതയാണ് രാമൻചിറയിൽ ഒരു ചാപ്പൽ സ്ഥാപിക്കുവാൻ പ്രേരിപ്പിച്ചതും, നാളുകൾക്ക് ശേഷം കൊട്ടാരക്കരയിൽ നിന്നും വന്ദ്യമിഷനറി വൈദീകർ വന്ന് വിശുദ്ധ കുർബാന അർപ്പിക്കുവാൻ സാഹചര്യമൊരുക്കിയതും പിന്നീട് അത് രാമൻചിറ മലങ്കര കത്തോലിക്ക ഇടവകയായി രൂപം പ്രാപിച്ചു.



www.malankaralibrary.com

ദൈവദാസൻ മാർ ഈവാനിയോസ്പിതാവ് പുനരൈക്യപ്പെട്ട പ്പോൾ, വന്ദ്യപിതാവിനോട് ചേർന്നുനിന്നുകൊണ്ട് ആ പ്രദേശങ്ങളിലെ സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ 'തുമ്പമൺ വല്യപ്പനെ' സഭാചരിത്രത്തിനു വിസ്മരിക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ കുടുംബത്തിലെ പിന്തുടർച്ചക്കാരിൽ കത്തോലിക്കാ സഭയിൽ സമർപ്പിത ജീവിതം സ്വീകരിച്ച പെരിയ ബഹു.കോശി ചക്കാലമണ്ണിൽ അച്ചനെയും പരേതരായ സി. വിക്ടിമ എസ്.ഡി.യേയും സി. സെബിയ എസ്.ഐ.സി. യേയും നന്ദിപൂർവ്വം ഓർക്കുന്നു.

ആ പുണ്യജീവിതത്തിന്റെ നന്മകൾ ഉൾക്കൊണ്ട് "പുനരൈക്യ പന്ഥാവിലെ പ്രകാശഗോപുരം സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ" എന്ന സമാഹാരം അദ്ദേഹത്തിന്റെ ൪൦-ാം ചരമ വാർഷികദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ ഏറ്റവും സന്തോ ഷിക്കുന്നു. ഈ സമാഹാരം പ്രസിദ്ധീകരിക്കുവാൻ തയ്യാറായ തുമ്പ മൺ വല്യപ്പന്റെ കുടുംബത്തിലെ എല്ലാ പിന്തുടർച്ചക്കാരേയും, പ്രത്യേ കമായി ശ്രീമാൻ ജേക്കബ് സി.കോശിയേയും അഭിനന്ദിക്കുന്നു. ആ ദീപ്തമായ സ്മരണ നമ്മുടെ മനസ്സുകളിൽ എന്നും നിറയട്ടെ. ദൈവം ഏവരേയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

**ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത**
**(മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ)**

Amalagiri Catholic Bishop's House, Punnamoodu, Mavelikara - 690 101, Alappuzha Dist, Kerala, India
Tel: 0479- 2344081, 2344082 (P), 2344083 (Fax), 9447141642 (Cell), E-mail: marignathios@yahoo.co.in


www.malankaralibrary.com



# ആശംസ

എന്നും ഒരു ന്യൂനപക്ഷമായ വ്യക്തികളുടെ പ്രകാശം നിറഞ്ഞ ചിന്തകൾക്കു പിന്നാലെയാണ് ഒരു സമൂഹം മുഴുവൻ ഒഴുകിയിട്ടുള്ളത്. ഭാരതന്യൂമാൻ എന്നറിയപ്പെടുന്ന മാർ ഈവാനിയോസ് പിതാവ് ഒഴുക്കിനെതിരെ തുഴഞ്ഞ ധീരനായ ദൈവഭക്തനായിരുന്നു. 'ദൈവസേവനത്തേക്കാൾ അഭികാമ്യമാണ് ദൈവസമ്പാദനം' എന്ന മഹത്ദർശനത്തിലൂടെ സമൂഹത്തിന് ദിശാബോധം നൽകി. സൂര്യോദയത്തിന്റെ ദിക്കിൽ നിന്ന് തൊടുത്ത പ്രകാശനാളങ്ങൾ ഇന്ന് ചക്രവാളങ്ങളിലേയ്ക്കുള്ള പ്രയാണത്തിലാണ്. പിതാവിന്റെയൊപ്പം നിന്നിട്ടുള്ള അനേകം ശ്രേഷ്ഠവ്യക്തിത്വങ്ങൾ സഭയ്ക്ക് മറക്കാനാവാത്തവരാണ്. പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരമാണ് സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ. കരളുറപ്പും, വിശ്വസിച്ചറിഞ്ഞ സത്യത്തോടൊപ്പം നിന്ന് ഒരു സമൂഹത്തിന്റെ ചൂടും ചൂരും അറിഞ്ഞ് വെള്ളിവെളിച്ചംപരത്തി വല്യപ്പൻ. കർത്താവിന്റെ വചനത്തെയോർത്ത് അഭിമാനിച്ച് വചനത്തോടൊപ്പം ജീവിതം ചേർത്തുവച്ചു ആ ധീഷണശാലി. ഒരു കടുകുമണി അദ്ദേഹം വിതച്ചു. ഇന്ന് അനേകർ ചേക്കേറുന്ന ആത്മശാന്തി കണ്ടെത്തുന്ന ഒരു അഭയസ്ഥാനമായി ദേവാലയത്തെ വളർത്തിയ യുഗപ്രഭാവൻ. ചങ്കിലെ താളം അടങ്ങും വരെയും പുനരൈക്യതാളത്തിനൊപ്പം ചലിച്ച ഭക്താന്വേഷിയായ വല്യപ്പനെ കാലത്തിനും ചരിത്രത്തിനും മറക്കാനാവില്ല.

ആ യുഗവര്യന്റെ പുണ്യഭരിതമായ ഓർമ്മകൾക്ക് നമോവാകം. ആ സൂര്യതേജസ്സിന്റെ ചൈതന്യധാര നമ്മുടെ സ്മൃതികളെ ദീപ്തമാക്കട്ടെ. രാമഞ്ചിറ ഇടവക ആ പുണ്യാത്മാവിനെ സാദരം ഓർമ്മിച്ച് ആ ദീപ്തസ്മരണകൾക്കു മുമ്പിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

**ഫാദർ. തോമസ് ഈട്ടിക്കാലായിൽ**

**രാമൻചിറ സെന്റ്പോൾസ് ഇടവക വികാരി**



www.malankaralibrary.com



## ആശംസ

കത്തോലിക്കാ തിരുസഭയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ 87-ാം വാർഷികവും അതിനു നേതൃത്വം കൊടുത്ത അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം നിന്ന് പുനരൈക്യപ്രസ്ഥാനത്തിനായി അക്ഷീണം യത്നിച്ച 'തുമ്പമൺ വല്യപ്പന്റെ' 80-ാം ചരമ വാർഷികവും അനുസ്മരിക്കുമ്പോൾ, ആ മഹത് വ്യക്തിയുടെ ജീവിത ദർശനം ആവിഷ്ക്കരിക്കുന്ന 'പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം' അണിയിച്ചൊരുക്കിയ തുമ്പമൺ ചക്കാലമണ്ണിൽ കുടുംബാംഗങ്ങളെ അനുമോദിക്കുന്നു. യഥാർത്ഥ ക്രിസ്തുസഭ കത്തോലിക്കാസഭയാണെന്ന് തിരിച്ചറിഞ്ഞ്, പ്രതികൂലങ്ങളെയും വെല്ലുവിളികളേയും അതിജീവിച്ച് കത്തോലിക്കാ ജീവിതശൈലി തീക്ഷ്ണതയോടെ ജീവിച്ച ഒരു വീര പുരുഷന്റെ ജീവിതം ഈ പുസ്കത്തിലൂടെ അനാവരണം ചെയ്യപ്പെടുമ്പോൾ, അത് ഇളം തലമുറയ്ക്ക് അറിവിന്റെ വെളിച്ചം പകരുമെന്നതിൽ സംശയമില്ല. സത്യത്തെ ജാഗ്രതയോടെ അന്വേഷിക്കുകയും, കണ്ടെത്തിയ സത്യത്തെ മുറുകെപിടിക്കുകയും വിശ്വാസജീവിതം കൊണ്ട് പ്രത്യുത്തരിക്കുകയും ചെയ്ത 'തുമ്പമൺ വല്യപ്പൻ', വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കാൻ എടുക്കേണ്ടി വന്ന ത്യാഗങ്ങളും അഭിമുഖീകരിച്ച ഒറ്റപ്പെടലുകളും അവഹേളനങ്ങളും കത്തോലിക്കാവിശ്വാസം കൂടുതൽ ജ്വലിക്കാൻ ഇടയാക്കിയെന്ന് ചരിത്രം സാക്ഷിക്കുന്നു. പിൻതലമുറയ്ക്ക് ജീവിത സാക്ഷ്യത്തിലൂടെ വിശ്വാസംപകർന്ന് വല്യപ്പൻ മൺമറഞ്ഞുപോയെങ്കിലും അദ്ദേഹത്തിന്റെ ഓർമ്മകൾ അനിതരസാധാരണമായ തീക്ഷ്ണതകൊണ്ടും, മഹത്തായ വിശ്വാസസാക്ഷ്യജീവിതം കൊണ്ടും ഇന്നും പച്ചകെടാതെ നിൽക്കുന്നു. ഇതിന് കൂടുതൽ തെളിമയും, സൗന്ദര്യവും പ്രഭയും നൽകി. 'പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം' ഉയർന്നു നിൽക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ 'പ്രകാശഗോപുര'ത്തിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവരേയും പ്രത്യേകിച്ച് ജെയിംസ്കുട്ടിയേയും അഭിനന്ദിക്കുകയും പ്രാർത്ഥനാപൂർവ്വം മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

എന്ന് സ്നേഹപൂർവ്വം

**സി.റെയ്സി തളിയൻ SD**
**സുപ്പീരിയർ ജനറൽ**


www.malankaralibrary.com

പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം

# സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ



## 80-ാം ചരമവാർഷികം

## 1853-1937

*"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരുടേയും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ."*



www.malankaralibrary.com

# തുമ്പമൺ പിതാമഹൻ

തുമ്പമൺ ദേശത്തൊരാത്മീയ ജ്വാലയായ്
'തുമ്പമൺ പിതാമഹൻ'
വിശ്വാസ തേജസ്സായ്, വേദാന്ത ജ്ഞാനിയായ്
സത്യസ്സഭയ്ക്കുള്ള സാക്ഷ്യമായ്
പുനരൈക്യനാദം.....
സഭയുടെ താളം......

ചാന്ദ്രീകശോഭയിൽ നീങ്ങിടുമ്പോൾ
സൂര്യപ്രഭാപൂരം കണ്ടനേരം
നീർച്ചാലു തേടുന്ന മാൻപേടപോൽ
നേരിന്റെ പാത പുണർന്നുതാതൻ
സകലസൗഭാഗ്യവും മുടിചൂടി നിൽക്കുമീ
സത്യസ്സഭയേ..... വരിച്ചു താതൻ

കൂടെപ്പിറന്നോരു സോദരരും
കൂട്ടിന്നായ് കിട്ടിയ കൂട്ടാളിയും
കൂട്ടരോടൊത്തുള്ള കൂട്ടായ്മയും
കൂടെച്ചരിച്ചതാം കൂട്ടുകാരും
ആരോരുമില്ലാതെ– ഏകനായ് ധീരനായ്
സത്യസ്സഭയേ.... പുണർന്ന താതൻ

സത്യമാം സഭയോടു ചേർന്നനേരം
സഹനമാം ക്രൂശേന്തി പുണ്യതാതൻ
കുരിശിന്റെ മാല്യം ധരിച്ചുതാതൻ
പരിഹാസനായതും സഭയ്ക്കുവേണ്ടി
രക്തം ചിന്താതുള്ള രക്തസാക്ഷിത്വത്താൽ
സത്യസ്സഭയേ... സ്നേഹിച്ചനാൾ


www.malankaralibrary.com

പരിശുദ്ധ കുർബ്ബാന കൈക്കൊള്ളുവാൻ
പള്ളികൾ തേടി അലഞ്ഞ താതൻ
ദേശത്തൊരാലയം തീർത്തീടുവാൻ
ദാനമായ് നല്ലിടം നൽകി താതൻ
വചനത്തിൻമേശയും അപ്പത്തിൻ മേശയും
സത്യസ്സഭയിൽ... നുകർന്നുതാതൻ

പുനരൈക്യനാളിനും അപ്പുറത്തായ്
പുനർമനനം ചെയ്ത പുണ്യതാതൻ
നൽമരണത്തിനു മാത്രമായി
പരിപൂർണ്ണ പരിശുദ്ധ സഭയിലായി
സകലസൗഭാഗ്യവും മുടിചൂടി നിൽക്കുന്ന
സത്യസ്സഭയേ... പുൽകി താതൻ

പ്രതിഫലമായൊന്നും തേടിടാതെ
പതിന്മടങ്ങേകിയ പുണ്യതാതൻ
പിൻഗാമികൾ ആരെന്നോതിടാതെ
പിൻഗാമികൾ ആരെന്നറിഞ്ഞിടാതെ
എൻ ജീവിതം കണ്ടു വന്നീടുകിൽ എന്റെ
സത്യസ്സഭയിൽ – ഞാൻ ധന്യനായ്



**എൽസമ്മ ജോയി ജോസഫ്**
പള്ളിവാതുക്കൽ, കരുവാറ്റ
(റാണി)


www.malankaralibrary.com

# ആമുഖം

പ്രസ്ഥാനങ്ങൾ വളർന്ന് പടർന്ന് പന്തലിക്കുമ്പോൾ അതിന്റെ ശീതളഛായയിൽ സൗഖ്യം നുകരുന്നവർ, വിസ്മൃതിയുടെ അഗണ്യ കോടിയിൽ തള്ളപ്പെട്ട പൂർവികരെ ഓർക്കുമോ ! പ്രസ്ഥാനങ്ങൾ കെട്ടി പ്പടുക്കുമ്പോൾ, ആത്മത്യാഗങ്ങൾ വിസ്മരിക്കപ്പെടാതെ, ചരിത്രപാഠ ങ്ങളുടെ ഭാഗമായി സൂക്ഷിക്കുകയെങ്കിലും ചെയ്യേണ്ടത് പിൻതലമുറ ക്കാരുടെ കടമയല്ലേ?

ഇരുപതാംനൂറ്റാണ്ടിന്റെ ഏറ്റവും വലിയ പുനരൈക്യപ്രസ്ഥാനം, 87 വർഷങ്ങൾ പൂർത്തിയാക്കി, നവതിയുടെ നിറവിലേയ്ക്ക് പ്രവേശി ക്കുമ്പോൾ, പൂർവസ്മരണകൾ വരും തലമുറകൾക്കായി പ്രതിഷ്ഠി ക്കുക എന്നത് നമ്മുടെ ധർമ്മമാണ്. സത്യവിശ്വാസം അഭംഗുരം നില നിർത്തുവാൻ കഴിഞ്ഞതിൽ ഊറ്റംകൊള്ളുന്ന പിൻതലമുറക്കാരായ ചക്കാലമണ്ണിൽ കുടുംബാംഗങ്ങളുടേയും രാമൻചിറ ഇടവകാംഗങ്ങളു ടേയും സ്മരണ നിലനിറുത്തുവാൻ ഈ കുറിപ്പുകൾ ഉതകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഇരുട്ടിലെ ദീപസ്തംഭം പോലെ നിലനിന്നുകൊണ്ട് കാറും കോളും നിറഞ്ഞ കടലിലെ നൗകകളെ അപകടത്തിൽ നിന്ന് അകറ്റുന്നതു പോലെ തന്റെ പിൻതലമുറക്കാരെ അപകടത്തിൽപ്പെടാതെ രക്ഷയുടെ വിശ്വാസസംരക്ഷണത്തിൽ നിലനിർത്തിയ 'ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ' വരും തലമുറയ്ക്ക് കാവലായി, പ്രചോദനമായി നില നിൽക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന്, തക്കസമയങ്ങളിൽ തലമുറകളിലൂടെ തമ്പുരാൻ കനിഞ്ഞു നൽകിയതും, ഇന്നും തുടർന്നു നൽകിക്കൊണ്ടിരിക്കുന്നതുമായ ആത്മീയകൃപകൾക്കും ഭൗതീകനന്മ കൾക്കും ചക്കാലമണ്ണിൽ കുടുംബം എത്ര സ്തുതിച്ചാലും നന്ദിപറ ഞ്ഞാലും മതിയാകില്ല. 'തുമ്പമൺ വല്യപ്പൻ' എന്ന വിളിപ്പേരിൽ അറി യപ്പെട്ടിരുന്ന ഞങ്ങളുടെ വല്ല്യപ്പൻ ചക്കാലമണ്ണിൽ തൊമ്മൻ കൊരു ത്, 1923 ൽ താൻ സ്വയം കണ്ടെത്തി, ഏറ്റെടുത്ത വിപ്ലവകരമായ ഒരു തീരുമാനം മൂലമാണ് ചക്കാലമണ്ണിൽ കുടുംബത്തിലും, രാമൻചിറ ഇട വകയിലും ഇന്നു നാം കാണുന്ന ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഒഴുകാൻ നിമിത്തമായിത്തീർന്നതെന്ന് ഞങ്ങൾ മനസ്സിലാക്കുകയും ഇത്തരുണത്തിൽ അത് പ്രഘോഷിക്കുകയും ചെയ്യുന്നു.



www.malankaralibrary.com

അദ്ദേഹം തന്റെ 70-ാമത്തെ വയസ്സിൽ സത്യതിരുസ്സഭയെ തിരിച്ചറിഞ്ഞ് അതിലേക്ക് കടന്നുവരികയും പരിശുദ്ധ പോപ്പിന്റെസിംഹാസനത്തെ അംഗീകരിക്കുകയും ചെയ്തു. തിരിച്ചറിഞ്ഞ സത്യത്തിലൂടെ ഏകനായി മുന്നേറുക മാത്രമല്ല, ആ സത്യത്തെ ഉറക്കെ പ്രഘോഷിക്കുകയും ലഘുലേഖകൾ വിതരണം ചെയ്ത്, കത്തോലിക്കാ തിരുസ്സഭയാണ് യേശു കർത്താവ് സ്ഥാപിച്ച ഏക സത്യതിരുസ്സഭയെന്ന് ആയിരുന്ന ഇടങ്ങളിലൊക്കെ അഭിമാനപൂർവ്വം വെളിപ്പെടുത്തുകയും ചെയ്തു. വല്ല്യപ്പന്റെ ഈ വെളിപ്പെടുത്തലുകളും പ്രഘോഷണങ്ങളും സ്വന്തക്കാരുടെ ഇടയിലും, ദേശവാസികളുടെ ഇടയിലും എതിർപ്പിനും പരിഹാസത്തിനും കടുത്ത വിമർശനങ്ങൾക്കും കാരണമായി. "ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല." (ലൂക്കാ 4:24)

എന്നാൽ കൂടുതൽ ദൃഢതയോടും അഭിമാനത്തോടും ആർജ്ജവത്വത്തോടുംകൂടി ഒരു 'ഉത്തമ കത്തോലിക്കൻ' എന്ന നാമത്തിൽത്തന്നെ അദ്ദേഹം നിലനിന്നു. പരിശുദ്ധ കത്തോലിക്കാതിരുസ്സഭയെ പുണർന്നതും, സത്യസഭയുടെ സന്ദേശങ്ങൾ പ്രചരിപ്പിച്ചതും തദ്ദേശത്തുള്ള ഇതര ക്രിസ്ത്യൻ സമൂഹങ്ങളിൽ ചർച്ചാവിഷയമാവുകയും, തുമ്പമൺ വല്ല്യപ്പനെ ഒരു 'മാനസികവൈകല്യമുള്ള കാർന്നോൻ' എന്ന രീതിയിൽ ചിത്രീകരിക്കുകയും ചെയ്തു.

പുനരൈക്യപന്ഥാവിലേയ്ക്ക് ചുവടുകൾ വയ്ക്കുന്നതിനു മുമ്പേ 'തുമ്പമൺ വല്യപ്പൻ' കൊട്ടാരക്കര ആസ്ഥാനമാക്കിയുള്ള മിഷനറിമാരായിരുന്ന വൈദീകരുടെ അനുഗ്രഹാശിസ്സുകളോടെ രാമൻചിറയിലുള്ള തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് 1925 അവസാനത്തിൽ ഒരു ചാപ്പൽ പണിയുകയും, കൊട്ടാരക്കരയിൽ നിന്ന് മിഷനറി വൈദീകർ വന്ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. ബഹു.ഗ്രിഗറി അച്ചനായിരുന്നു അന്ന് അതിന് നേതൃത്വം നൽകിയത്. അദ്ദേഹം തന്റെ 'മിഷൻ സ്മരണകൾ' (1921 മുതൽ 1925 വരെ) എന്ന പുസ്തകത്തിൽ നമ്മുടെ തുമ്പമൺ വല്ല്യപ്പനെ അനുസ്മരിച്ചുകൊണ്ടുള്ള ഒരു ചെറിയ വിവരണം നൽകിയിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

1930 സെപ്റ്റംബർ 20, കത്തോലിക്കാ തിരുസ്സഭയിലെ ചരിത്രപ്രാധാന്യമർഹിക്കുന്ന പുനരൈക്യപ്രസ്ഥാനത്തിന് ആരംഭം കുറിക്കുകയും അതിനു നേതൃത്വം നൽകുകയും ചെയ്ത അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം 'തുമ്പമൺ വല്ല്യപ്പനും പങ്കാളിയാവുകയും, തുമ്പമൺ വടക്കേക്കരയിൽ താൻ ദാനമായി നൽകിയ സ്ഥലവും ചാപ്പലും, തിരുവനന്തപുരം മലങ്കര സുറിയാനി കത്തോലിക്കാ അതിരുപതയ്ക്ക് കൈമാറുകയും പിന്നീടത് രാമൻചിറ ഇടവകദേവാലയമായിത്തീരുകയും ചെയ്തു


www.malankaralibrary.com

ഇത് തികച്ചും ചാരിതാർത്ഥ്യജനകം തന്നെ. തനിക്കുണ്ടായിരുന്ന സ്വാധീനവും സാധ്യതകളും ഉപയോഗിച്ച് ആരെയും നിർബന്ധപൂർവം കത്തോലിക്കാ തിരുസ്സഭയിലേയ്ക്ക് ചേർക്കുവാനോ ഇടവകാംഗങ്ങളാക്കുവാനോ അദ്ദേഹം ഒരിക്കലും ശ്രമിച്ചിരുന്നില്ല. എന്നാൽ തന്റെ ക്രിസ്തീയ ജീവിതശൈലിയും തീഷ്ണതയുള്ള പ്രാർത്ഥനാജീവിതവും, ആത്മാഭിമാനത്തോടെ കഴുത്തിലണിഞ്ഞിരുന്ന വലിയ മരക്കുരിശുള്ള 'വെന്തിങ്ങയും' പിന്നീട് തന്റെ കുടുംബാംഗങ്ങൾക്കും മറ്റു ക്രൈസ്തവ സമൂഹങ്ങളിൽ ഉൾപ്പെട്ടിരുന്നവർക്കും സത്യതിരുസ്സഭയിലേയ്ക്ക് തിരിച്ചുവരുവാനും ഇടവകാംഗങ്ങളാകുവാനും പ്രചോദനമേകി.

തന്റെ പിതാവിന്റെകയ്യിൽ നിന്നും ഏറ്റുവാങ്ങിയ വിശ്വാസദീപം കെടാതെ അഭംഗുരം കാത്തു സൂക്ഷിക്കുവാനും കൈമാറാനും ഏറെ തീക്ഷ്ണത കാട്ടിയ തുമ്പമൺ വല്ല്യപ്പന്റെ ഇളയമകൻ ചക്കാലമണ്ണിൽ കോരുത് കോശി (കൊച്ചോയിക്കുഞ്ഞ്) അന്ന് നിലനിന്നിരുന്ന ചാപ്പൽ കൂടുതൽ വിസ്തൃതിയോടെ പുതുക്കിപ്പണിയുവാനും അതോടൊപ്പം ഒരു വൈദീകമന്ദിരവും കൂടി തീർക്കുവാനും മാർ ഈവാനിയോസ് പിതാവിനോടൊപ്പം ചേർന്നുനിന്നു പ്രവർത്തിച്ചതും ഇത്തരുണത്തിൽ അനുസ്മരിക്കുകയാണ്.

മലങ്കര കത്തോലിക്കാ സഭയ്ക്ക് അടിത്തറപാകിയ പൂർവ്വപിതാമഹന്മാരുടെ പട്ടികയിൽ അറിഞ്ഞോ അറിയാതെയോ ഇടംലഭിക്കാതെ പോയ 'ചക്കാലമണ്ണിൽ തൊമ്മൻ കോരുത്' (തുമ്പമൺ വല്ല്യപ്പൻ) 'കർത്താവിനായി വഴിയൊരുക്കിയ സ്നാപകനെ'പോലെ പുനരൈക്യപ്രസ്ഥാന ചരിത്രത്തിന്റെ തുടക്കത്തിനും അപ്പുറം നിൽക്കുന്ന പ്രകാശഗോപുരമാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ 87-ാം വാർഷികവും പൂർവ്വപിതാക്കന്മാരുടെ അനുസ്മരണവും സമീപസ്ഥമായി നിൽക്കുന്ന ഈ അവസരത്തിൽ ദൈവഹിതത്താൽ തുമ്പമൺ വല്ല്യപ്പന്റെ 80-ാം മരണവാർഷികവും ഒത്തിണങ്ങി വന്നിരിക്കുന്നു. ഇവയോട് അനുബന്ധിച്ച് ആ 'പുണ്യജീവിതദർശനം' ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമാഹാരം സഭയ്ക്കു സമർപ്പിക്കുന്നതിൽ തുമ്പമൺ വല്ല്യപ്പന്റെ ഇളംതലമുറക്കാർക്ക് ചാരിതാർത്ഥ്യമുണ്ട്. വിസ്മൃതമായ തന്റെ വല്ല്യപ്പന്റെ 'ക്രൈസ്തവമുന്നേറ്റം' തന്റെ പൗരോഹിത്യജീവിതത്തിന്റെ മൂലക്കല്ലായിത്തിരിച്ചറിഞ്ഞ 'തുമ്പമൺ വല്ല്യപ്പന്റെ' കൊച്ചുമകൻ റവ.ഫാ.കോശി ചക്കാലമണ്ണിൽ അച്ചനിൽ ഉണ്ടായ ഒരു ഉൾവിളിയുടെ ബഹിർസ്ഫുരണമാണ് ഈ ഗ്രന്ഥം.


www.malankaralibrary.com

മലങ്കര കത്തോലിക്കാതിരുസ്സഭയുടെ ചരിത്രത്തിലും പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും വിളക്കിച്ചേർക്കേണ്ടിയിരുന്ന ഈ 'സത്യവെളിച്ചം' നാളിതുവരെയും കെടാവിളക്കുപോലെ, സസൂക്ഷ്മം കാത്തുസൂക്ഷിക്കുകയും 'കാലത്തിന്റെ തികവിൽ' മലമുകളിൽ പ്രതി ഷ്ഠിക്കപ്പെട്ട ദീപം പോലെ' തെളിയുകയും ചെയ്തതിന്റെ പിന്നിലുള്ള ദിവ്യശക്തിയെ ഞങ്ങൾ തിരിച്ചറിയുന്നു.

"ഞങ്ങൾക്കല്ല കർത്താവേ ഞങ്ങൾക്കല്ല അങ്ങയുടെ തിരുനാമ ത്തിനു മഹത്വമുണ്ടാകട്ടെ", ആമേൻ.

**ചക്കാലമണ്ണിൽ കുടുംബത്തിലെ ഇളംതലമുറക്കാർ**

********************


www.malankaralibrary.com

# ചരിത്രം

കത്തോലിക്കാ സഭയിലേയ്ക്ക് പുനഃരൈക്യപ്പെട്ടവരുടെ കുടുംബചരിത്രം ക്രോഡീകരിച്ചെഴുതുന്നതിന് പ്രചോദനം തന്നത് ബഹു. ചക്കാലമണ്ണിൽ കോശി അച്ചനാണ് (റവ.ഫാ.സി.കെ.കോശി-അനിയൻകുഞ്ഞ്). ഏതാണ്ട് 2 വർഷം മുമ്പ് തുടക്കമിട്ട ഈ സംരംഭം, ചക്കാലമണ്ണിലെ കുടുംബാംഗങ്ങളുടെ സഹകരണത്താൽ, ഇപ്പോൾ 87-ാമത് പുനഃരൈക്യവാർഷിക മാസത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. പൂർവ്വികന്മാർ സമയാസമയങ്ങളിലോ അല്ലാതെയോ കുറിച്ചു സൂക്ഷിച്ചിരുന്ന ചരിത്രരേഖകളും രാമൻചിറ ഇടവക ദേവാലയത്തിലെ രേഖകളും ഉൾക്കൊണ്ടുകൊണ്ട്, ഈ കാലഘട്ടത്തിലെ ചരിത്രമാകാവുന്ന രേഖകളും ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പന്റെ പ്രചോദനത്താൽ ഇപ്പോഴും സത്യതിരുസ്സഭയിൽ പിൻതുടരുന്ന ചക്കാലമണ്ണിൽ കുടുംബാംഗങ്ങളേയും രാമൻചിറ ഇടവകയുടെ മുൻ-പിൻ തലമുറക്കാരെയും ഓർക്കുവാനും ഓർമ്മ നിലനിറുത്തുവാനുമുള്ള ഒരു പ്രയത്നമാണ് ഈ ഗ്രന്ഥം.

ആരുടെ എങ്കിലും ചരിത്രമോ വിവരണമോ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം അത് ഉൾകൊണ്ട്, വിപുലമായ അടുത്ത രണ്ടാംലക്കത്തിൽ അത് ഉൾപ്പെടുത്തുവാൻ തക്കവിധം ഞങ്ങൾക്ക് ലഭ്യമാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1313 ൽ വേണാട് രാജാവിന്റെ അന്തരാവകാശികളായിരുന്ന സുന്ദരപാണ്ഡ്യനും വീര പാണ്ഡ്യനും അധികാര വടംവലിയുടെ മൂർദ്ധന്യത്തിൽ, മർത്തോമ്മാശ്ലീഹായുടെ ഏഴരപ്പള്ളികളിൽ ഒന്ന് നിലനിന്നിരുന്ന നിലയ്ക്കലിൽ ഏറ്റുമുട്ടി യുദ്ധം ചെയ്തു. യുദ്ധത്തിൽ നിലയ്ക്കൽ പൂർണ്ണമായും തകർക്കപ്പെട്ടു. പ്രാണരക്ഷാർത്ഥം അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ പലായനം ചെയ്തു. അതിൽ കുറേ പേർ കടമ്പനാട്ടേക്ക് കുടിയേറി. പുതിയ കൃഷി സ്ഥലങ്ങൾ തേടിയും വാണിജ്യാവശ്യങ്ങൾക്കുവേണ്ടിയും പൂർവ്വികർ പലസ്ഥലങ്ങളിലേയ്ക്കും കുടിയേറി പാർത്തു. വളക്കൂറുള്ള മണ്ണും കച്ചവട സാധ്യതകളും ആരാഞ്ഞ് പന്തളം രാജാവിന്റെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളിൽ താമസമാക്കിയവരാണ് ചക്കാലമണ്ണിൽ പൂർവ്വികർ.

ബ്രാഹ്മണ മേധാവിത്വം ശക്തിപ്പെട്ടതിനു ശേഷം തീണ്ടലും തൊട്ടുകൂടായ്മയും കണ്ടുകൂടായ്മയും നാടാകെ രൂക്ഷമായി. ഇതുമൂലവും മറ്റും അശുദ്ധമാക്കപ്പെട്ടാൽ ശുദ്ധമാകുന്നതിനായി ക്രിസ്ത്യാനിയെക്കൊണ്ട് തൊടീച്ചാൽ മതി എന്ന ആചാരവും നിലവിൽ വന്നു. ഇക്കാരണത്താൽ നമ്പൂതിരി ഇല്ലങ്ങൾക്കടുത്തും മഹാക്ഷേത്രങ്ങളോട് സമീപത്തും നസ്രാണി ക്രിസ്ത്യാനികളെ കൊണ്ടുവന്നു പാർപ്പിക്കാൻ രാജാവ് അത്യധികം താല്പര്യപ്പെട്ടു.



www.malankaralibrary.com

പന്തളം രാജാവിന്റെ അഭീഷ്ടം അനുസരിച്ച് തുമ്പമൺ പ്രദേശത്ത് വടക്കുംനാഥ ക്ഷേത്രത്തിന്റെ സമീപമുണ്ടായിരുന്ന തെക്കുംകര മണ്ണിൽ നമ്മുടെ പൂർവ്വികർ താമസമാക്കി, ക്ഷേത്രാവശ്യത്തിനുള്ള ശുദ്ധമായ എണ്ണ സ്ഥിരമായി കൊടുക്കുവാനും രാജാവ് കല്പിച്ചരുളി. അപ്രകാരം അവിടെ ചക്കു സ്ഥാപിച്ച് കൊപ്രായും എള്ളും ആട്ടിയെടുത്ത് എണ്ണ ക്ഷേത്രത്തിലേക്കു കൊടുത്തു തുടങ്ങി. കൊപ്രാ ആട്ടിയ എണ്ണയും, കൊപ്രായും വാണിജ്യാവശ്യത്തിലേക്കും ഉപയോഗിച്ചുപോന്നു. കരിമ്പുകൃഷിക്ക് വളരെ അനുയോജ്യമായ വളക്കൂറുള്ള മണ്ണായിരുന്നു തുമ്പമണ്ണിലെ അമ്പലക്കടവിനടത്തു തെക്കുംകരമൺ. ചക്കു സ്ഥാപിച്ച സ്ഥലം ക്രമേണ വായ്മൊഴിയാൽ ചക്കാലമണ്ണിൽ എന്ന് നാമകരണം ചെയ്യപ്പെട്ടു. (ഈ കരിമ്പുകൃഷി ചെയ്ത പുരയിടവും ചക്കും 'തുമ്പ മൺ വല്ല്യപ്പന്റെ' മകൻ ചക്കാലമണ്ണിൽ കോരുത് കോശി (കൊച്ചോ യിക്കുഞ്ഞ്) യുടെ കാലത്തും കരിമ്പു കൃഷി നടത്തുകയും കരിമ്പാട്ടു കയും ചെയ്തിരുന്നത് കുടുംബത്തിലെ ഇന്നത്തെ മുതിർന്ന തലമുറ കൾക്കും ദേശവാസികൾക്കും അറിവുള്ളതാണ്.

കൃഷി ആവശ്യത്തിനായി തുമ്പമൺ പ്രദേശത്ത് വടക്കുംനാഥ ക്ഷേത്രം മുതൽ ഇലവുംതിട്ട ഭാഗം വരെ ചക്കാലമണ്ണിൽ പൂർവ്വ പിതാ ക്കന്മാർ കുടിയേറി ആധിപത്യം സ്ഥാപിച്ചിരുന്നു. ചക്കാലമണ്ണിൽ കാര ണവന്മാരുടെ കാര്യശേഷിയും നേതൃത്വപാടവവും മനസ്സിലാക്കി അവർക്ക് 'തരകൻ' സ്ഥാനവും രാജാവ് കല്പിച്ചു നൽകി.

ഈ പൂർവ്വ പിതാക്കന്മാരുടെ സന്താനങ്ങളായ കോശി തോമസും, കോരുത് തോമസും കൃഷിയും കച്ചവടവും നടത്തി-ചക്കാലമണ്ണിൽ കുടുംബത്തിന്റെ യശ്ശസ്സുയർത്തി. പിൽക്കാലത്ത് കോരുത് തോമസ് ചക്കാലമണ്ണിൽ കിഴക്കേതിൽ ശാഖയുടെ കാരണവരും, കോശി തോമസ് ചക്കാലമണ്ണിൽ പടിഞ്ഞാറ്റെ ശാഖയുടെ കാരണവരും ആയി. ഇതിൽ കിഴക്കേതിൽ ശാഖയുടെ കാരണവരായ കോരുത് തോമസിന്റെ ഏകസന്താനമായിരുന്നു 'തോമാ തരകൻ' എന്നറിയപ്പെട്ടിരുന്ന കോരുത് തോമാ തരകൻ. അദ്ദേഹത്തിന്റെ മൂത്തമകനാണ് തൊമ്മൻ കോരുത് ഇടയിലേവീട്ടിൽ- "തുമ്പമൺവല്ല്യപ്പൻ." പുനരൈക്യ പന്ഥാവിലെ പ്രകാശഗോപുരമെന്ന് പ്രകീർത്തിക്കപ്പെട്ട ചക്കാലമണ്ണിൽ തുമ്പമൺ വല്ല്യപ്പനെപറ്റി സഭാ മാസികയിൽ അക്കാലത്ത് ജീവിച്ചിരുന്ന പ്രഗത്ഭ രായ വൈദീക ശ്രേഷ്ഠന്മാരും ചരിത്രകാരന്മാരും അനുസ്മരിച്ചത് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചക്കാലമണ്ണിൽ തോമാ തരകന്റെ രണ്ടാമത്തെ മകനായിരുന്ന പുത്തൻ പുരയ്ക്കൽ തൊമ്മൻ മത്തായിയുടെ മകനാണ് ചക്കാലമ ണ്ണിൽ മത്തായി മാത്യു (പാപ്പിച്ചായൻ)

തോമാ തരകൻ മുതലുള്ള പിതാമഹന്മാരുടെ ചരിത്രവും പുന രൈക്യത്തിൽ തീഷ്ണതയോടെനിലനിൽക്കുന്ന പിൻതലമുറക്കാരുടെ ചരിത്രവും വിശദമായി പ്രതിപാദിക്കുവാൻ ഈ അവസരം വിനിയോ ഗിക്കുന്നു.


www.malankaralibrary.com

# തുമ്പമൺ വല്യപ്പനെ കത്തോലിക്കാ സഭാപ്രവേശനത്തിനു പ്രേരിപ്പിച്ച കാരണങ്ങൾ

**ഫാ.ഗ്രിഗറി, സി.എം.ഐ.യുടെ മിഷൻ സ്മരണകൾ (1921-1925) എന്ന ലഘുഗ്രന്ഥത്തിൽ നിന്നുള്ള ഭാഗം**



**ഫാ.ഗ്രിഗറി നീരാക്കൽ**

**സി.എം.ഐ.**

ജനനം : 25-12-1886
വ്രതാനുഷ്ഠാനം : 15-08-1907
വൈദികപട്ടം : 07-05-1916
ചരമം : 23-02-1983

**തു**മ്പമൺ ഭദ്രാസന ഇടവകയിൽ നിന്നും ഇദംപ്രഥമമായി കത്തോലിക്കാ സഭയിൽ പ്രവേശിച്ച ധനാഢ്യനും ധീരനും വയോവൃദ്ധനുമായ ഒരു മഹാത്മാവാണ് 1937 ആഗസ്റ്റ് 8 ൽ 84-ാം വയസ്സിൽ ഭാഗ്യമരണം പ്രാപിച്ച ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻ കോരുത് അഥവാ 'തുമ്പമൺ വലിയപ്പൻ', സഭാപ്രവേശത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ച പല കാരണങ്ങളാണ് ചുവടെ ചേർക്കുന്നത്.

പന്തളത്തു കുളനടയിൽ ഞങ്ങൾ താമസിക്കുകയിൽ 1922 മെയ് മാസത്തിലാണ് ഞാൻ മി. കോരുതിനെ ആദ്യമായി കണ്ടത്. അദ്ദേഹം ഞങ്ങളെ സന്ദർശിക്കാനായിത്തന്നെ ഞങ്ങളുടെ വസതിയിലേയ്ക്കു വന്നതാണ്. ആ പ്രഥമ സന്ദർശനാവസരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു : ഞാൻ യാക്കോബായക്കാരനായി ജനിച്ചു. എന്നാൽ ചെറുപ്പത്തിലേ മർത്തോമ്മ സഭയിൽചേർന്നു. പക്ഷെ എന്റെ പരിശോധനയിൽ അതിനെ പിന്തിരിഞ്ഞ നിലയിലാണു നില്ക്കുന്നത്. ഇവിടങ്ങളിൽ ആ രണ്ടു സഭയ്ക്കു പുറമേ മിക്ക പ്രോട്ടസ്റ്റന്റു സഭകളുമുണ്ട്. അവയെപ്പറ്റി അറിഞ്ഞിട്ടുമുണ്ട്. കത്തോലിക്കാ സഭമാത്രം ഇവിടെയാകട്ടെ സമീപസ്ഥലങ്ങളിലാകട്ടെ ഇല്ല. അതാണെങ്കിൽ ഏറ്റം പുരാതനമായ സഭയാണെന്നും ലോകത്തിലെ ഭൂരിപക്ഷം ക്രിസ്ത്യാനികളും അതിലെ അംഗങ്ങളാ



www.malankaralibrary.com

ണെന്നും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അതിനെ അത്യന്തം വെറുത്തു ദ്വേഷിക്കുന്ന പ്രൊട്ടസ്റ്റുകാരിൽ നിന്നും ചിലതെല്ലാം കേട്ടിട്ടുള്ളതല്ലാതെ അതിനെപ്പറ്റി യാതൊരു ജ്ഞാനവും എനിക്കില്ല. എങ്കിലും ഇത്ര പുരാതനവും സർവ്വവ്യാപകവുമായ ഈ സഭയെ ഇവർ ഇത്രയധികം ദ്വേഷിക്കുന്നതു എന്തുകൊണ്ടാണെന്നും ഇതിന്റെ ബോധനങ്ങൾ എന്തെല്ലാമാണെന്നും ഒന്നു ഗ്രഹിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചിരിക്കയായിരുന്നു. അങ്ങനെയിരിക്കയിലാണ് കത്തോലിക്കാരും പഴയ കൂറ്റു സുറിയാനിക്കാരുമായ രണ്ടു സന്യാസപട്ടക്കാർ ഇവിടെ എന്റെ സമീപത്തുതന്നെ വന്നു താമസിക്കുന്നുണ്ടെന്നു എനിക്ക് അറിയാൻ ഇടയായത്. ഇതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

ഈ പ്രഥമ സന്ദർശനം കഴിഞ്ഞ ശേഷം ഞങ്ങൾ പന്തളത്തു താമസിച്ചിരുന്നപ്പോഴും, പിന്നീട് ഞങ്ങളുടെ ആസ്ഥാനം തുമ്പമൺ യാക്കോബായ പള്ളിയുടെ തെക്കുഭാഗത്തേയ്ക്ക് മാറ്റിയ ശേഷവും മി.കോരുതു മതസംഗതികളെപ്പറ്റി ഞങ്ങളുമായി ദീർഘസംഭാഷണങ്ങൾ നടത്തുന്നതിനും തന്മൂലം കത്തോലിക്കാ സഭയെപ്പറ്റി സാമാന്യമായ ജ്ഞാനം സമ്പാദിക്കുന്നതിനും ഇടയായിട്ടുണ്ട്. ഇങ്ങനെയിരിക്കെ, 1923 ൽ ഞങ്ങളുടെ വാസം തുമ്പമണ്ണിൽനിന്നും കൊട്ടാരക്കരയ്ക്കു മാറ്റുകയുണ്ടായി. മതാന്വേഷിയായിരുന്ന മി.കോരുതിന് ഞങ്ങളുടെ ഈ വേർപാടു ദുസ്സഹമായിരുന്നു. അതിനാൽ, ഞങ്ങൾ കൊട്ടാരക്കര ചെന്നു കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹവും അവിടെയെത്തി. അദ്ദേഹത്തിന്റെ പുത്രിമാരിൽ രണ്ടുപേരെ അവിടെയുള്ള രണ്ടു കുടുംബങ്ങളിൽ വിവാഹം ചെയ്തുകൊടുത്തിട്ടുണ്ട്. അവരുടെ വീടുകളിൽ കുറെ ദിവസങ്ങൾ താമസിച്ചുകൊണ്ട് ഞങ്ങളെ വന്നു സന്ദർശിച്ചിരുന്നു. ഇങ്ങനെയിരിക്കയിൽ ഒരു ദിവസം മി.കോരുതു ഞങ്ങളുടെ പക്കൽ വന്നു ഇങ്ങനെ പറയുകയുണ്ടായി. 'ഇനി എന്റെ സഭാപ്രവേശനം ഒട്ടും താമസിപ്പിക്കാൻ നിവൃത്തിയില്ല. അച്ചന്മാർക്കു വിരോധമൊന്നുമില്ലെങ്കിൽ എന്നെ ഉടനെ തന്നെ സഭയിൽ സ്വീകരിക്കണം. ഇത്ര പെട്ടെന്നു ഇതിനു എന്നെ പ്രേരിപ്പിച്ച കാരണവും പറയാം. ഇന്നലെ ഞാൻ ഇവിടെ നിന്നും മകളുടെ വീട്ടിലേക്കു പോകുംവഴി, ഈ പള്ളിയിൽ കയറി കാണിക്കയും ഇട്ടുംവെച്ച് കുന്നിക്കോട്ടു ചന്തയിലേക്കു മീൻകൊട്ടകളും ചുമന്നുകൊണ്ട് ധൃതിയിൽ പോയിരുന്ന കുമ്പളക്കാരും കാഞ്ഞിരക്കോട്ടുകാരുമായ കുറെ ലത്തീൻ സ്ത്രീകൾ എന്നെക്കാണുന്നതിനും, വലിയപ്പാ, 'ഇങ്ങോട്ടു വേഗം ചേരണേ' എന്നു എന്നോടു പറയുന്നതിനും ഇടയായി. അതു കേട്ടപ്പോൾ 'എങ്ങോട്ട്'


www.malankaralibrary.com

ലത്തീൻകാരുടെ കൂടെയോ? എന്നു ചോദിച്ചു. അപ്പോൾ അതല്ല വലിയപ്പാ, കത്തോലിക്കാ സഭയിലേക്ക് എന്ന് അവർ മറുപടിയും നൽകി. അതിന്. ഉം ആകട്ടെ എന്നു മാത്രം തത്ക്കാലം ഞാൻ പറഞ്ഞെങ്കിലും അതു കേട്ടപ്പോൾ മുതൽ എനിക്കു വലിയൊരു മനഃപരിവർത്തനമാണ്. കാരണം, ധനസ്ഥിതികൊണ്ടും, പൂർവ്വീകമായ ക്രിസ്തീയ പാരമ്പര്യംകൊണ്ടും, ജാത്യാഭിമാനവും കുടുംബസ്ഥിതിയും കൊണ്ടും അവരെക്കാൾ വളരെ ഉയർന്ന നിലയിലിരിക്കുന്ന എന്നോടു കത്തോലിക്കരായ ആ സാധുസ്ത്രീകൾ ഇങ്ങനെ സധൈര്യം പറയാനും എനിക്കതും കേൾക്കാനും കാലമായല്ലോ എന്നുള്ളതാണ് അത്. അതുകൊണ്ടത്രെ ഉടനെയുള്ള സഭാപ്രവേശനത്തിനു ഞാൻ ആവശ്യപ്പെടുന്നത്.

വൃദ്ധന്റെ അപേക്ഷയനുസരിച്ച് സഭാസ്വീകരണം അടുത്തുതന്നെ നടത്തിക്കൊടുക്കാമെന്നു സമ്മതിച്ചു. അതോടെ അദ്ദേഹം തുമ്പമണ്ണിലേക്കു മടങ്ങുകയും തന്റെ കളത്രപുത്രാദികളോടും ബന്ധുമിത്രാദികളോടും വിവരമറിയിക്കുകയും ചെയ്തു. അവരിൽ ഓരോരുത്തരോടും പറഞ്ഞിരുന്നതു ഞാൻ കത്തോലിക്കാ സഭയിൽ ചേരാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതു എന്റെ ആത്മരക്ഷയ്ക്കു ഏതെങ്കിലും തരത്തിൽ തടസ്സമാകുമെന്നുണ്ടെങ്കിൽ കാര്യകാരണസഹിതം ഉടനെ പറയണം എന്നായിരുന്നു അതിന് 'ചത്താൽ യാക്കോബായ സഭയിലും രക്ഷയുള്ള സ്ഥിതിക്ക് ഇപ്പോഴത്തെ നിലയിൽത്തന്നെ നിന്നാൽ മതിയല്ലേ' എന്നു മറ്റുചിലരും പറഞ്ഞു. അതിനുള്ള വൃദ്ധന്റെ മറുപടി ഇതായിരുന്നു:- ആത്മരക്ഷയെ ഉദ്ദേശിച്ചുമാത്രമാണല്ലോ നാം ഒരു മതം സ്വീകരിക്കുന്നത്. ഒരു കർത്താവും ഒരു മാമോദീസായും ഉള്ളതുപോലെ സത്യവിശ്വാസവും ഒന്നേ ഉണ്ടാകാവൂ എന്നുണ്ടല്ലോ. അകത്തോലിക്കരാണെങ്കിൽ ഏക സത്യവിശ്വാസം തങ്ങളുടേതാണെന്നും അതിനു പുറമേയുള്ള വിശ്വാസങ്ങളെല്ലാം അസത്യമാണെന്നു പറയുന്നുണ്ടെങ്കിലും, അതു മാത്രമാണ് സത്യമെന്നോ കത്തോലിക്കാ സഭയിൽ രക്ഷയില്ലെന്നോ പറയാൻ ധൈര്യപ്പെടുന്നില്ല. ആസ്ഥിതിക്കു, രക്ഷയ്ക്ക് തടസ്സമില്ലാത്തതായി എതിർകക്ഷികൾ കൂടെയും സമ്മതിക്കുന്ന കത്തോലിക്കാ സഭയിൽതന്നെ ഞാൻ ചേരണ്ടതല്ലയോ? ആത്മരക്ഷ സർവ്വപ്രധാനമായൊരു കാര്യമായിരിക്കെ, അതു സംശയസ്ഥാനത്തു കൊണ്ടുപോയി വയ്ക്കുന്നതു അവിവേകവും ബുദ്ധിഹീനതയും ആയിരിക്കയില്ലെ ?



www.malankaralibrary.com

ഈ വിധം വേണ്ടപ്പെട്ട ഏവരോടും വിവരങ്ങൾ അറിയിച്ചശേഷം മി.കോരുതു താമസംവിനാ കൊട്ടാരക്കര എത്തുകയും അവിടുത്തെ കത്തോലിക്കാ പള്ളിയിൽ വച്ച് 1923 മെയ് 8-ാം തീയതി 70-ാമത്തെ വയസ്സിൽ മുറപ്രകാരം കത്തോലിക്കാ സഭയിൽ ചേർന്ന് വിശ്വാസം സ്വീകരിക്കുകയും ചെയ്തു.

സഭാപ്രവേശനം കഴിഞ്ഞതു മുതൽ മരണം വരെ മി.കോരുത് ഒരു ക്രൂശിതരൂപം സദാ കഴുത്തിൽ ധരിച്ചിരുന്നു. തുമ്പമൺ ഭാഗങ്ങളിൽ ഇതൊരു അപൂർവ നടപടി ആയിരുന്നതിനാൽ കാണികളെ തന്നിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിക്കൂടെയാണു വൃദ്ധൻ ഈ വിധം ചെയ്തിരുന്നത്. ഇതേപ്പറ്റി 'ക്രിസ്തുവിന്റെ പ്രതിമ' നമ്മുടെ ഹൃദയത്തിലാണ് ഉണ്ടാകേണ്ടത്. അല്ലാതെ പുറമെയല്ല, എന്നുപറഞ്ഞ ഒരാൾക്കു അദ്ദേഹം കൊടുത്ത മറുപടി. 'ഹൃദയത്തിൽ അതുണ്ടാകുന്നതിനു ഇതു ഒരു വിധത്തിൽ സഹായിക്കുകകൂടെയും ചെയ്കയില്ലേ?' എന്നായിരുന്നു.

"വലിയപ്പാ, ഞാനും കൂടെ കാതോലിക്കാ സഭയിൽ ചേർന്നുകൊള്ളാം. എനിക്ക് അവിടെനിന്നും എന്തുകിട്ടും?" എന്ന് ഒരിക്കൽ ഒരു യുവാവ് മി.കോരുതിനോടു ചോദിച്ചു. അതിനു വൃദ്ധൻ, മറ്റേതൊരു കത്തോലിക്കനും സഭയിൽ നിന്നും കൊടുക്കുന്നതെല്ലാം സൗജന്യമായി നിനക്കും നൽകുന്നതാണ്. കുമ്പസാരം ആദിയായവയ്ക്കു നീ പണമൊന്നും കൊടുക്കേണ്ടതുമില്ല' എന്നുത്തരം നൽകി.

യുവാവ്-അതു എനിക്കറിയാം, പിന്നെ എന്തുകിട്ടും എന്നാണ് ഞാൻ ചോദിക്കുന്നത്.

വൃദ്ധൻ-കൊള്ളാം. രക്ഷയ്ക്കുള്ള ഏകമാർഗ്ഗം ഇതാണ് എന്നുള്ള പരമാർത്ഥബോധത്തോടെയാണ് നീ വരുന്നതെങ്കിൽ മറ്റു കത്തോലിക്കർക്കുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു സമ്മാനം വിശേഷാൽ നിനക്കു ലഭിക്കും. അതു മറ്റൊന്നുമല്ല ഒരു കുരിശത്രേ. മറ്റു കത്തോലിക്കർക്കുള്ളതിനേക്കാൾ കൂടുതൽ വിഷമതകളും ബുദ്ധിമുട്ടുകളും ക്രിസ്തുവിനെപ്രതി നീ സഹിക്കേണ്ടതായി വരും എന്നതാണ് ഞാൻ ഈ പറയുന്നതിന്റെ സാരം എന്നു നീ ഗ്രഹിക്കുമല്ലോ.

യാക്കോബായക്കാരുടെ ഒരു മാന്യനേതാവും ഒരു കത്തോലിക്കാ വൈദികനുമായുണ്ടായ ഒരു സംഭാഷണത്തിൽ അച്ചാ, നിങ്ങളുടെ അപ്രമാദിത്വം എന്നതാണ് ഞങ്ങളെ അധികമായി വിഷമിപ്പിക്കുന്നത്. അതി


www.malankaralibrary.com

ല്ലായിരുന്നെങ്കിൽ ഈ സഭകൾതമ്മിൽ യോജിക്കാൻ ഒരു പ്രയാസവു മില്ലായിരുന്നു എന്നു ആ യാക്കോബായക്കാരൻ പറഞ്ഞതായി നമ്മുടെ വൃദ്ധൻ ഒരിക്കൽ കേട്ടു. അതുകേട്ടപ്പോൾ ചിരിച്ചുകൊണ്ടു അദ്ദേഹം പറയുകയാണ്. ഹാ ! അയാൾ ഇത്ര ഭോഷനാണോ? കത്തോലിക്കാ സഭയിലേക്കു എന്നെ മുഖ്യമായും ആകർഷിച്ചതും ഈ അപ്രമാദിത്വ മാണ്. അതില്ലെങ്കിൽ ഇത്രയധികം നിബന്ധനകളുള്ള പ്രസ്തുത സഭ യിൽ ഒരു നിമിഷംപോലും ഞാൻ നില്ക്കുകയില്ല. അതിനും തെറ്റി പ്പോകാമെങ്കിൽ അതും ഇതര സഭകളും തമ്മിൽ എന്താണ് വ്യത്യാസം? കുറെക്കൂടെ സ്വാതന്ത്ര്യമുള്ള ഒരു സഭയിൽ എനിക്കു നിന്നുകൂടെയോ? എന്നുവേണ്ടാ, എന്റെ സൗകര്യമനുസരിച്ചു സ്വന്തമായി ഒരു നവീന സഭയുണ്ടാക്കി അതിൽ എനിക്കു ജീവിച്ചു കൂടെയോ ? പ്രമാദമുള്ള ഏതൊരു സഭയോടും സമമുള്ളതായിരിക്കുമല്ലോ എന്റെ ആ സഭയും -അതിനാൽ പ്രമാദരഹിതമായ ഏക സഭ, കത്തോലിക്കാ സഭയാണന്നു കാണുന്നതുകൊണ്ടു മാത്രമാണ് ഞാനതിൽ ചേർന്നതും, ഇന്നും അതിൽ ജീവിക്കുന്നതും.

ഒരു പ്രസിദ്ധ വാഗ്മിയും താർക്കികനുമായിരുന്ന പരേതനായ അയി രൂർ വില്ലോത്ത് മി.നൈനാൻ വറുഗീസിനെപ്പറ്റി പലരും കേട്ടിരിക്കുമ ല്ലോ. കുറെ കൊല്ലങ്ങൾക്കു മുമ്പ് ഐരൂരുള്ള കർമ്മലീത്താ ആശ്രമം സന്ദർശിക്കാനായി മി.കോരുതു അവിടെ ചെന്നിരുന്ന അവസരത്തിൽ അവർ തമ്മിൽ കാണാനിടയായി. പരസ്പരം കേട്ടറിവേ ഉണ്ടായിരു ന്നുള്ളൂ. ആ പ്രഥമസന്ദർശനവേളയിൽ സരസനായ മി.നൈനാൻ വർഗ്ഗീസ് ഇങ്ങനെ ചോദിച്ചു, എന്റെ വലിയപ്പാ ഇതെന്തുപറ്റി ? എന്തു കൊണ്ടാണ് ഈ അബദ്ധത്തിൽ ചെന്നു ചാടിയത്? ഞങ്ങളാണെങ്കിൽ ചെറുപ്പക്കാരാണ്. അതിൽ വിസ്മയിക്കാനുമില്ല. എന്നാൽ, വലിയപ്പ നെപ്പോലെ ഇത്ര നല്ല പ്രായവും ജ്ഞാനവും പക്വതയുമെല്ലാം സിദ്ധി ച്ചവർ ഇങ്ങനെ നിൽക്കുന്ന നിലവിട്ട് റോമായിലേക്കും മറ്റും എടുത്തു ചാടിയാൽ അതേപ്പറ്റി എന്തുപറയട്ടെ.

വൃദ്ധൻ : എന്റെ കുഞ്ഞേ, ഞാനും അക്കാര്യം തന്നെയാണ് വിചാ രിക്കുന്നത്. എനിക്കാണെങ്കിൽ വയസ്സ് എമ്പതോളമായി, ശവക്കുഴി യിലേക്കു കാൽ നീട്ടിക്കഴിഞ്ഞു. ഇനി ലോകത്തിനുവേണ്ട, ലോക ത്തേയും വേണ്ട എന്ന നിലയിലായി മരണം പാർത്തിരിക്കുകയാണ്. എന്റെ അന്വേഷണത്തിൽ മരിക്കാൻ കത്തോലിക്കാസഭപോലെ ഇത്ര വിശിഷ്ടമായ വേറൊരു സഭ ഞാൻ കാണുന്നില്ല. അതിനാലാണ് ഞാൻ തത്രപ്പെട്ടു ആ സഭയിൽ ചേർന്നത്, ജീവിക്കാൻ മാത്രമാണെങ്കിൽ ഇതു ഒട്ടും പറ്റിയതുമില്ല. അതിനാകട്ടെ നമ്മുടെ യാക്കോബായ,


www.malankaralibrary.com

മാർത്തോമ്മാ, പ്രൊട്ടസ്റ്റന്റ് ആദിയായവയാണ് അധികം നല്ലത്. അങ്ങനെയിരിക്കെ, യൗവ്വനയുക്തരായ നിങ്ങളെപ്പോലുള്ളവർ, ജീവിതസുഖമനുഭവിക്കേണ്ടതായ ഈ ചെറുപ്രായത്തിൽ പ്രസ്തുത സഭകളിൽ നിന്നും മരിക്കാനുള്ളവർക്കുള്ള ഈ റോമാസഭയിൽ ചെന്നു ചാടിയിരിക്കുന്നതു എന്തുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നത്, ഇതിലാണ് എനിക്കു വിസ്മയം.

നല്ല ചരിത്രപടുവായ ഒരു യാക്കോബായക്കാരനുമായി മി.കോരുതു ഒരിക്കൽ സംഭാഷിച്ചുകൊണ്ടിരിക്കയിൽ ആ ചരിത്ര പ്രിയൻ ഇങ്ങനെ പറഞ്ഞു. ഇവിടെ വന്നു താമസിക്കുന്ന രണ്ടു സന്യാസപട്ടക്കാരെ കണ്ടുകൊണ്ട് വലിയപ്പൻ വിചാരിക്കുന്നതു ഇതുപോലെയാണ് കാതോലിക്കർ ഏവരും എന്നായിരിക്കും. എന്റെ വല്യപ്പാ, വൃഥാ തട്ടിക്കപ്പെട്ടു പോകരുതേ, ഈ രണ്ടച്ചന്മാരും നല്ലവർ തന്നെ, എന്നാൽ, എല്ലാവരും ഇതുപോലൊന്നുമല്ല. കത്തോലിക്കർ കൂട്ടമായി വസിക്കുന്ന വടക്കൻ പ്രദേശങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. മീനച്ചിൽ, തൊടുപുഴ മുതലായ പ്രദേശങ്ങളിൽ മദ്യപാനം, അടിപിടി, കൊലപാതകം ആദിയായവ എത്രമാത്രമുണ്ടെന്നു വലിയപ്പന് അറിയാമോ? അവിടങ്ങളിലാണെങ്കിൽ കത്തോലിക്കരേയുള്ളൂ എന്നുപറയാം.

വൃദ്ധൻ : ആഹാ ! അങ്ങനെയൊ ? അപ്പോൾ എന്താണ് കത്തോലിക്കർ ഏവരും ഈവിധ അക്രമങ്ങൾ നടത്തണമെന്നും അവരുടെ നിയമങ്ങളിലൊ, മേലധികാരികളുടെ കല്പനകളിലൊ വല്ലതുമുണ്ടോ?

ചരിത്രപടു : ഹേയ് അതില്ല, ഇല്ലെന്നു മാത്രമല്ല, അവ്വിധമൊന്നും ചെയ്യരുതെന്നു കർശനമായ കല്പനകളുമുണ്ട്.

വൃദ്ധൻ: ഹാ! അങ്ങനെയെങ്കിൽ നിവൃത്തിയുണ്ട്. ഈവിധ അക്രമങ്ങൾ ഓരോ കത്തോലിക്കനും പ്രവർത്തിച്ചേ മതിയാവൂ എന്നുവല്ലതുമുണ്ടായിരുന്നെങ്കിൽ ഞാൻ വിഷമിച്ചു പോകുമായിരുന്നു.

ഇതുകൊണ്ടു പരാജിതനായ ഭാവം കാണിക്കാതെ ചരിത്രപടു തുടർന്നു പറയുന്നത്. ചരിത്രങ്ങൾ ധാരാളം വായിക്കണം (അതായത്, അയാൾ ചരിത്രത്തിന്റെ ഒരു വശംമാത്രമേ കണ്ടിട്ടുള്ളൂ എന്നും, അതിന്റെ മറുവശം കൂടെ നന്നായി ഗ്രഹിക്കാത്തവണ്ണം യഥാർത്ഥ ചരിത്രങ്ങൾകൂടെ വായിക്കണമെന്നും, അപ്പോൾ പൂച്ചു എവിടെയാണെന്ന് വേണ്ടവിധം ഗ്രഹിക്കാൻ ഇടയാകുമെന്നുമത്രെ സാരം.)

പുത്തൻ കൂറ്റുകാരുടെ ഒരു മെത്രാപ്പൊലീത്ത തുമ്പമൺ സന്ദർശിച്ച ഒരു അവസരത്തിൽ മി.കോരുതു അദ്ദേഹത്തെ ചെന്നു കാണുകയും, താൻ കത്തോലിക്കാ സഭയിൽ ചേർന്ന വിവരം ഉണർത്തിക്കുകയും



www.malankaralibrary.com

ചെയ്തു. മെത്രാപ്പോലീത്തായുടെ പല ചോദ്യങ്ങൾക്കും കുറ്റാരോപണങ്ങൾക്കും മി. കോരുതു സമാധാനം നൽകി. ഒടുവിൽ, അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: 'റോമ്മാ സഭയിൽ പട്ടക്കാരെല്ലാം അവിവാഹിതർ ആയിരിക്കണമെന്നു ഒരു നിർബന്ധനിയമമുണ്ടെന്നും, അതു മൂലം അവരുടെ വൈദികരുടെ ഇടയിലുള്ള വഷളത്തങ്ങൾക്കും അസാന്മാർഗ്ഗിക നടപടികൾക്കും കണക്കില്ലെന്നും അറിയാമോ?

വൃദ്ധൻ: തിരുമേനി ഇതുവരെ പലതെല്ലാം കല്പിച്ചു ചോദിച്ചു. അവയ്ക്കു അടിയൻ കഴിവുള്ള സമാധാനവും നൽകി. എന്നാൽ ഇപ്പോൾ ചോദിച്ച ഈ ചോദ്യത്തിനു അടിയന് തക്ക സമാധാനമില്ല. കാരണം, അടിയൻ ഒരു വിവാഹിതനാണ്. അതിനാൽ അവിവാഹിതരുടെ സ്ഥിതിഗതികൾ എന്തെല്ലാമെന്നു അറിഞ്ഞുകൂടാ. തിരുമേനിയാകട്ടെ അവിവാഹിത ജീവിതത്തിന്റെ അനുഭവസ്ഥനായിരിക്കെ അങ്ങനെയുള്ളവരെ സംബന്ധിച്ചു അവിടുന്നു കല്പിച്ചു പറയുന്നതിൽ അടിയൻ വിശ്വസിക്കയല്ലാതെ എന്താണു ചെയ്യുക?

വേറൊരു അവസരത്തിൽ മി. കോരുതു യാക്കോബായക്കാരുടെ ഒരു ബാങ്കിൽ ചെന്നിരുന്നു. ബാങ്കിലെ സിൽബന്ധികളെല്ലാം പുതിയ ബാവാക്കക്ഷിയിലും മെത്രാൻകക്ഷിയിലും ഉൾപ്പെട്ട ചെറുപ്പക്കാർ ആയിരുന്നു. അവർ വൃദ്ധന്റെ സഭാമാറ്റത്തെപ്പറ്റി പല ചോദ്യങ്ങളും ചോദിച്ചു. അവയ്ക്കുവേണ്ട സമാധാനം പറഞ്ഞശേഷം ഒടുവിൽ അദ്ദേഹം അവരോടു ഇങ്ങനെ പറഞ്ഞു: 'ഞാൻ കത്തോലിക്കാ സഭയിൽ ചേർന്നിട്ടു കുറേ കൊല്ലങ്ങളായി. ഇവിടെ സഹകരിക്കുന്നതിനു പോലും ആരുമില്ലെന്നു പറയാം. അതിനാൽ, തിരികെ പഴയനിലയിലേക്കുതന്നെ പോയെങ്കിലോ എന്നു ചിലപ്പോൾ സംശയിച്ചുപോകുന്നു. പക്ഷേ, അവിടെയിതാ വലിയൊരു പ്രതിബന്ധം. എന്താണെന്നോ? ഞാൻ വിട്ട സഭ യാക്കോബായ ആയിരുന്നു. ഇപ്പോഴാകട്ടെ അതു പുതിയ ബാവാ കക്ഷിയെന്നോ, മെത്രാൻ കക്ഷിയെന്നോ, ഓർത്തഡോക്സോ എന്നോ ഒക്കെ ആയിരിക്കുന്നെന്നാണ് കേൾക്കുന്നത്. ഇവയിൽ ഏതാണ് ശരിയെന്നും, ഏതിലാണ് ഞാൻ തിരികെ വന്നു ചേരേണ്ടതെന്നും നിങ്ങൾ ദയവായി എനിയ്ക്ക് പറഞ്ഞുതന്നാൽ ഞാൻ അതിലേക്കു ചേർന്നേക്കാം.'

ഈ വാക്കുകൾ കേട്ടപ്പോൾ അതു തങ്ങളെ കളിയാക്കുന്നതിനു വേണ്ടി മാത്രം വൃദ്ധൻ പറഞ്ഞതാണെന്നു മനസ്സിലാക്കിയ വിവിധ കക്ഷികളിൽപെട്ട ബാങ്കുകാർ ക്ഷോഭിക്കാനും കത്തോലിക്കാസഭയെ ദുഷിക്കാനും തുടങ്ങി. അങ്ങനെ ആ സംഭാഷണവും അവസാനിച്ചു.


www.malankaralibrary.com

മി. കോരുതിന്റെ സഭാപ്രവേശനത്തിനു മുമ്പും പിമ്പും ഞങ്ങളെ പല പ്രാവശ്യം സന്ദർശിച്ചിട്ടുള്ള വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. താദൃശ സന്ദർശനാവസരങ്ങളിൽ ചിലപ്പോൾ വീട്ടിൽ നിന്നും ചില പലഹാരങ്ങൾ കൊണ്ടുവന്നിരുന്നു. എന്നാൽ, സന്യാസികളായ ഞങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ഉണ്ടെന്നും, ഇങ്ങനെയൊന്നും സദയം കൊണ്ടുവരേണ്ടതില്ലെന്നും പല തരത്തിലും പല പ്രാവശ്യവും ഞങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഓരോ ഉപായങ്ങൾ പറഞ്ഞുകൊണ്ടു വൃദ്ധൻ ആ വാക്കുകളെ സസ്നേഹം അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. അദ്ദേഹം ഞങ്ങളുടെ വസതിയിൽ വന്നിരുന്ന ഒരവസരത്തിൽ രഹസ്യമായി ഒരു പാത്രമെടുത്തു അതിൽ എന്തോ നിക്ഷേപിക്കുന്നതായി കണ്ടുകൊണ്ടു സ്വല്പം ഉയർന്ന സ്വരത്തിലും ഗൗരവഭാവത്തിലും ഒരച്ചൻ ചോദിച്ചു. 'എന്താണ് രഹസ്യമായി ഈ ചെയ്യുന്നത്? ഇങ്ങനെയൊന്നും ഇവിടെ കൊണ്ടുവരരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേ?' എന്ന്

ഇതിനു സരസനായ വൃദ്ധൻ അതേ സ്വരത്തിലും അനുഭാവത്തിലും ഉടനടി നൽകിയ മറുപടി ഇതായിരുന്നു: 'ഞങ്ങൾ പുത്തൻകൂറ്റുകാർ പറഞ്ഞാൽ കേൾക്കുകയില്ലെന്നു അച്ചൻ അറിഞ്ഞിട്ടില്ലേ?

ഇതിനെ തുടർന്നു അദ്ദേഹം പറയുകയാണ്: 'എന്റെ അച്ചാ, എന്നെപ്പറ്റി എന്തോ വലുതായി അച്ചന്മാർ ധരിച്ചിട്ടുള്ളതായി തോന്നുന്നു. എനിക്കു അധികമൊന്നും അറിഞ്ഞുകൂടാ. പലതും അറിയേണ്ടതായും പഠിക്കേണ്ടതായും ഉണ്ട്. ഞാൻ ഇനിയും ഒരു പഴയകൂറ്റു കത്തോലിക്കൻ ആയിട്ടില്ലെന്നു ഓർക്കണം. എന്നെ ഒരു വെറും 'പുത്തൻകൂറ്റു' കത്തോലിക്കനായി മാത്രം കരുതിക്കൊണ്ടു എനിക്കു വേണ്ടത് പറഞ്ഞുതന്നു പഠിപ്പിക്കണം. ഇതാണെന്റെ ഏക പ്രാർത്ഥന.

മി കോരുതിനു വേണ്ട വൈദികകർമ്മങ്ങൾ നടത്തികൊടുക്കാനായി ഞങ്ങൾ കൊട്ടാരക്കര നിന്നും ഇടയ്ക്കിടെ തുമ്പമണ്ണിൽ ചെന്നിരുന്നു. തദവസരങ്ങളിൽ ഞങ്ങൾക്കുള്ള ഭക്ഷണം സ്വന്തം വീട്ടിൽ പാകം ചെയ്യിച്ച് ഞങ്ങൾ താമസിച്ചിരുന്ന വീട്ടിൽ വൃദ്ധൻ തന്നെ കൊണ്ടുവന്നു തരുകയായിരുന്നു പതിവ്. ഇതിൽ ഞങ്ങൾ അക്ഷമത പ്രദർശിപ്പിക്കുകയും, മറ്റുതരത്തിൽ ഇതിലേക്കു വേണ്ട ഏർപ്പാടു ചെയ്യണമെന്നും, തന്നെത്താൻ ഈ വിധം ചുമന്നുകൊണ്ടു വരരുതെന്നും നിർബദ്ധമായി പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇതിനു ഒരുവസരത്തിൽ അദ്ദേഹം പറഞ്ഞ സമാധാനം ഇതായിരുന്നു.


www.malankaralibrary.com

‘ ഞാൻ ഇത്രയും കാലം സത്യം ഗ്രഹിക്കാതെ ജീവിതം കഴിച്ചു. ഇക്കാലമെല്ലാം ഒരുവിധത്തിൽ പാഴായിപ്പോയെന്നു പറയാം. അതിനാൽ, ഇനിയുള്ള ചുരുങ്ങിയ കാലംകൊണ്ട് ഞാൻ വല്ലതും സമ്പാദിക്കണ്ടേ? എന്നെ സത്യവഴി കാണിച്ചുതന്ന യേശുമിശിഹായുടെ സ്ഥാനാപതികളായ ആ അച്ചന്മാർക്കു വേണ്ടി ഞാൻ വല്ലതും ചെയ്യേണ്ടതു എന്റെ കടമയാണെന്നും, അവർക്കു വേണ്ടി താൻ ചെയ്യുന്ന ഏറ്റം നിസ്സാരമായ സംഗതിക്കു കൂടെയും തക്ക സമ്മാനം പരലോകത്തിൽ എനിക്കു കിട്ടുമെന്നുമാണ് എന്റെ വിശ്വാസം. അതുകൊണ്ടു, ഇങ്ങനെ ചെയ്യുന്നതിൽ അച്ചന്മാർ എന്നെ തടയരുതെന്നാണ് എന്റെ അപേക്ഷ.’

മി. കോരുതു കത്തോലിക്കാ സഭയിൽ പ്രവേശിച്ചിട്ട് കുറെ കാലങ്ങളായിട്ടും കുടുംബാംഗങ്ങൾ അതിൽ പ്രവേശിക്കാതെ നില്ക്കുന്നതു എന്തുകൊണ്ടാണെന്നും, അവരോടും ഒന്നും പറയുന്നില്ലയോ എന്നും ചോദിച്ചിരുന്നവർക്കു വൃദ്ധൻ കൊടുത്തിരുന്ന മറുപടി ഇതാണ്.

‘ഞാൻ സത്യം ഗ്രഹിച്ചു മാത്രമാണ് കത്തോലിക്കനായിത്തീർന്നതെന്നു അവർക്കറിയാം. ഞാൻ നിർബന്ധമായി പറഞ്ഞാൽ അവരും സഭയിൽ പ്രവേശിച്ചേക്കും, പക്ഷേ, അങ്ങനെ ചെയ്യേണ്ടാവശ്യം ഞാൻ കാണുന്നില്ല. സ്വയം ബോദ്ധ്യം വന്നിട്ടു അവർ ചേരട്ടെ എന്നാണ് ഞാൻ വിചാരിയ്ക്കുന്നത്. സഭയെ സംബന്ധിച്ചു ഞാൻ അവരോടു പറയുന്നതിനും പുറമേ, സഭാനടപടികൾ അനുസരിച്ചു ജീവിക്കാനും ഞാൻ ശ്രമിച്ചുവരുന്നു. എന്റെ ജീവിതം കണ്ടിട്ടു അവർ വേണ്ടതു ചെയ്തുകൊള്ളട്ടെ എന്നാണ് ഞാൻ വെച്ചിരിക്കുന്നത്. അവർക്കു വേണ്ടി ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നുണ്ട്.’

ഈ മനഃസ്ഥിതിയുടെ ഫലമായി മി.കോരുതിന്റെ വൃദ്ധയായ ഭാര്യ ബഥനിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ സഭയിൽ പ്രവേശിക്കുകയും, 1934-ൽ മരണം പ്രാപിക്കുകയും ചെയ്തു. ഇരു പുത്രന്മാരിൽ ഒരു മാർത്തോമ്യനായിരുന്ന ഇളയപുത്രൻ മി.സി.കെ കോശി കുടുംബസഹിതം മറ്റു ചില ആളുകളോടുംകൂടെ വൃദ്ധന്റെ ശവസംസ്കാര ദിവസം തന്നെ 1937-ലും, യാക്കോബ്യനായിരുന്ന സഹോദര പുത്രൻ മി. സി.എം. മാത്യുവും കുടുംബവും 1942-ലും കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി.


www.malankaralibrary.com

# പൂർവ്വകാല സ്മരണകൾ

**(വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാന്റെ ' പൂർവ്വകാല സ്മരണകൾ ' എന്ന ഗ്രന്ഥത്തിൽ ചക്കാലമണ്ണിൽ വലിയപ്പൻ എന്ന പേരിൽ രണ്ടു പേജുകൾ അദ്ദേഹം മാറ്റി വച്ചിട്ടുണ്ട്. രസകരമായ സംഭവങ്ങളുടെ പിന്നാമ്പുറത്തേക്ക് കൂട്ടിക്കൊണ്ടു പോയി തുമ്പമൺ വല്യപ്പന്റെ ആഴമായ സഭാസ്നേഹത്തെ വെളിപ്പെടുത്തുകയാണ് റമ്പാച്ചൻ. പ്രതിപാദനം ശ്രദ്ധിക്കുക.)**



**വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ**

"**തു**മ്പമൺ ചക്കാലമണ്ണിൽ വലിയപ്പന്റെ ഒരു മകളെ എന്റെ പിതൃസഹോദരപുത്രനായ പള്ളിപ്പാട്ടു കൈമൂട്ടിൽ ഉമ്മച്ചൻ ഇച്ചായൻ കല്യാണം കഴിച്ചിരുന്നു. ഇച്ചായൻ പള്ളിപ്പാട്ടുള്ള വസ്തുക്കൾ വിറ്റിട്ട് ആ പണത്തിന്റെ ഒരു നല്ല ഭാഗം ബഥനി ആശ്രമത്തിലെ അനാഥശാലയ്ക്കു നൽകിയശേഷം ഇച്ചായനും തുമ്പമൺ വടക്കേക്കര പുന്നക്കുന്നിൽ പോയി താമസമാക്കിയിരുന്നു. ആ സ്ഥലം വലിയപ്പന്റെ മകൾക്കു കൊടുത്തതായിരുന്നു. അച്ചായനും വലിയപ്പനോടുകൂടി കത്തോലിക്കാസഭയിൽ ചേർന്നു. അന്നു ഞങ്ങളാരും ചേർന്നിട്ടില്ലായിരുന്നു. വലിയപ്പൻ വി. കുർബ്ബാനയ്ക്കു സംബന്ധിച്ചു വന്നത് ചങ്ങനാശ്ശേരി ചെത്തിപ്പുഴ ചെന്നായിരുന്നു. ഞങ്ങളെല്ലാം കത്തോലിക്കാസഭയിൽ ചേർന്ന് അധികം താമസിക്കുന്നതിനു മുമ്പേ വലിയപ്പൻ മരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാരത്തിനു ഞാനും കൂടി ചെല്ലണമെന്നു പറഞ്ഞ് എന്റെ ഇച്ചായൻ അടൂർ വന്ന് എന്നെ ക്ഷണിച്ചു. അതനുസരിച്ച് ഞാൻ രാമൻചിറയ്ക്കു പോയി. രാമൻചിറ ഇടവകയുടെ പള്ളിയും ശവക്കോട്ടസ്ഥലവും അദ്ദേഹം ദാനമായി എഴുതിത്തന്നതാണ്. അവിടെയാണ് വലിയപ്പനെയും, പിന്നീട് ഇച്ചായൻ മരിച്ചപ്പോൾ ഇച്ചായനെയും മറ്റു പലരെയും അടക്കിയിരിക്കുന്നത്.


www.malankaralibrary.com

വലിയപ്പൻ ഒരു സത്യാന്വേഷകനും അഭിപ്രായധീരനുമായിരുന്നു. ഒരു കാര്യം സത്യമാണെന്നു ബോധ്യപ്പെട്ടാൽ അതിനനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്നും ആർക്കും വലിയപ്പനെ തടയാൻ സാധ്യമായിരുന്നില്ല. മാർത്തോമാ സഭയിൽ നിന്നുമായിരുന്നു വല്യപ്പൻ കത്തോലിക്കനായത്. അദ്ദേഹം കത്തോലിക്കനായ ഇടയ്ക്ക്, മാർത്തോമ്മാ സഫ്രഗൻമെത്രാപ്പോലീത്താ അവരുടെ പള്ളിയിൽ ചെന്നിരുന്നുകൊണ്ടു വലിയപ്പനാളയച്ചു. അന്ന് ഒരു പുത്തൻകൂറ്റു സുറിയാനിക്കാരൻ കത്തോലിക്കനാകുന്നത് മറ്റുള്ളവരുടെയിടയിൽ ഒരു വലിയ പരിഹാസവും ആക്ഷേപവുമായിരുന്നു. തിരുമേനി വലിയപ്പനോട് " എടോ, താനിത്ര ഭോഷനായിപ്പോയല്ലോ! താൻ ചത്താലെങ്ങനാടോ?" എന്നു ചോദിച്ചു. തന്നെ ആരെടുത്ത് എവിടെ കൊണ്ടുപോയി കുഴിച്ചിടും? എന്ന അർത്ഥത്തിലാണ് തിരുമേനി വലിയപ്പനോട്. " എന്റെ തിരുമേനി, ചത്താലെങ്ങനാണെന്നു ചിന്തിച്ചുകൊണ്ടാണല്ലോ ഞാൻ കത്തോലിക്കാസഭയിൽ ചേരേണ്ടി വന്നത്" എന്നായിരുന്നു വലിയപ്പന്റെ മറുപടി. അതു കേട്ടശേഷം തിരുമേനി പിന്നൊന്നും പറഞ്ഞിട്ടില്ല.

വലിയപ്പന്റെ ശവസംസ്കാരത്തിന് ; തട്ട, തുമ്പമൺ, പത്തനംതിട്ട, മൈലാപ്രാ, പ്രക്കാനം മുതലായി അടുത്തുള്ള ഇടവകകളിൽ നിന്നെല്ലാം ധാരാളം ആളുകൾ കൂടിയിരുന്നു. രണ്ടോ മൂന്നോ കടത്തുവള്ളമിട്ടാണ് കുടയും, കൊടിയും, കുരിശുമെല്ലാം എടുത്തിട്ടുള്ള ജനങ്ങളെ തെക്കേക്കരനിന്നും ആറിന്റെ വടക്കേ കരയിലേക്കിറക്കികൊണ്ടിരുന്നത്. ശവസംസ്കരസമയത്തു വലിയപ്പന്റെ സുപ്രസിദ്ധമായ ആ മറുപടിയായിരുന്നു ചരമപ്രസംഗത്തിനു കുറിവാക്യമായി ഞാൻ എടുത്തുപയോഗിച്ചത്. ഇത്ര ഭക്തിനിർഭരവും ആർഭാടപൂർവ്വവുമായ ഒരുശവസംസ്കാരം മാർത്തോമ്മാ സഭയിലായിരുന്നുവെങ്കിൽ അദ്ദേഹത്തിനു ലഭിക്കുകയില്ലായിരുന്നു. വലിയപ്പന്റെ ജീവിതം മറ്റുള്ളവർക്കു ഒരു മാതൃകയായിരുന്നു എന്നു പറയാം. ശവസംസ്കാരത്തിൽ തുമ്പമൺ പുത്തൻ വീട്ടിലച്ചനും ഞാനും മറ്റനേകം അച്ചന്മാരും ഉണ്ടായിരുന്നു. പള്ളി സാമാനങ്ങളെല്ലാം ആരും ആവശ്യപ്പെടാതെ തന്നെ അതാതു പള്ളിക്കാർ കൊണ്ടുവന്നതായിരുന്നു. ശവസംസ്ക്കാരശേഷം ഒരു കഞ്ഞിവിളമ്പലുമുണ്ടായിരുന്നു.



www.malankaralibrary.com

# ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്- വാല്യം II

## എന്ന ഗ്രന്ഥത്തിൽ

# റവ. ഫാ.തോമസ് ഇഞ്ചയ്ക്കലോടി

## രേഖപ്പെടുത്തിയിട്ടുള്ളതാണ് ഈ ഭാഗം



റവ. ഫാ. തോമസ്
ഇഞ്ചയ്ക്കലോടി

**കുരിശും കിരീടവും**

**പു**നരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ പ്രസ്തുത പ്രസ്ഥാനത്തിനെതിരായുള്ള യോഗങ്ങളും, പ്രസംഗങ്ങളും പല സ്ഥലങ്ങളിലും നടത്തപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടത്തിൽ, അകത്തോലിക്കരുടെ കേന്ദ്രത്തിൽ നടന്ന യോഗത്തിൽ ഒരു പ്രമുഖവൈദിക പ്രസംഗകൻ പുനരൈക്യപ്രസ്ഥാനത്തെ അധിക്ഷേപിച്ച് ഒരു പ്രസംഗം ചെയ്തു. അതിൽ പുനരൈക്യപ്പെട്ട അൽമായരോട് താഴെ ചേർക്കും വിധമൊരു ചോദ്യം അദ്ദേഹം ഉന്നയിക്കയുണ്ടായി.


www.malankaralibrary.com

**മാ**ന്യരെ,

'റോമാസഭയിൽ ചേരുന്ന മെത്രാന്മാർക്ക് ബ്രഹ്മാണ്ഡമായ അരമനയും മനോഹരമായ കാറും സുഖമായ ഭക്ഷണവും ലഭിക്കും. അച്ചന്മാർ ചേർന്നാൽ മാസംതോറും കുർബ്ബാനപ്പണവും ശമ്പളവും കിട്ടും. എന്നാൽ പാവപ്പെട്ട അൽമേനീ, നീ ചേർന്നാൽ നിനക്ക് എന്തു കിട്ടും?

ഈ ചോദ്യം കേട്ടുകൊണ്ടിരുന്ന ഒരു അല്മായ സഹോദരൻ (തുമ്പമൺ വല്യപ്പൻ) തൽക്ഷണം യോഗമധ്യേ എഴുന്നേറ്റുനിന്ന് തന്റെ കഴുത്തിലുണ്ടായിരുന്ന കുരിശെടുത്ത് പിടിച്ചുകൊണ്ടു ഉച്ചത്തിൽ പറയുകയാണ്: "അച്ചാ ഞങ്ങൾക്കൊരു കുരിശു കിട്ടും." ഇതു കേട്ട് ആ വൈദികപ്രസംഗകൻ അല്പനേരം മൗനമായി നിന്നശേഷം തന്റെ പ്രസംഗപ്രവാഹം വേറെ കൈവഴിയിലൂടെ തിരിച്ചുവിട്ടു. ആ പാവപ്പെട്ട അല്മായ സഹോദരൻ നൽകിയ മറുപടിയുടെ അർത്ഥം അദ്ദേഹത്തിനും ശ്രോതാക്കൾക്കും ശരിയ്ക്കു മനസ്സിലായി. കത്തോലിക്ക സഭയിൽ ചേർന്നാൽ ഈ ലോക ജീവിതത്തിൽ കുരിശും പരലോക ജീവിതത്തിൽ കിരീടവും ലഭിക്കും എന്നത്രേ ആ സാധുവായ കർഷകൻ അന്നു പറഞ്ഞ വാക്കുകളുടെ അർത്ഥം.

യാക്കോബായ സഭയിലെ ഒരു പ്രമുഖപ്രാസംഗീകനായിരുന്ന ഒരു വൈദികൻ കത്തോലിക്കസഭയെപ്പറ്റി പഠനം നടത്തിയതിന്റെ ഫലമായി ഏതാനും മാസങ്ങൾ കഴിഞ്ഞ് തിരുവനന്തപുരം അരമനയിൽ എത്തി ആർച്ച് ബിഷപ്പിന്റെ മുൻപാകെ വിശ്വാസപ്രതിജ്ഞ ചെയ്ത് കത്തോലിക്കസഭയോട് പുനരൈക്യപ്പെട്ടു എന്ന വിവരവും സന്തോഷപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.


www.malankaralibrary.com

***മാർ ഈവാനിയോസ് എന്റെ സ്മരണയിൽ എന്ന ഗ്രന്ഥത്തിൽ ഫാ.ഫിലിപ്പ് സി.പന്തോളിൽ എഴുതിയിട്ടുള്ളതാണ് തുമ്പമൺ വല്യപ്പനെക്കുറിച്ചുള്ള ഈ പരാമർശം***

# പുനരൈക്യത്തോട് അനുബന്ധമായ ചില നർമ്മോക്തികൾ



## ഫാ.ഫിലിപ്പ് സി. പന്തോളിൽ

**1920–**കളിൽ കൊല്ലം ബിഷപ്പ് ബെൻസിഗർ തിരുമേനിയുടെ ആഗ്രഹപ്രകാരം കൊല്ലം ലത്തീൻ രൂപത പ്രദേശത്തു അകത്തോലിക്കരുടെ മാനസാന്തരത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കൊട്ടാരക്കര ക്കടുത്ത് ബഹു. ഗ്രിഗറി T.O.C.D യും ബഹു.ബാലിസോസ് T.O.C.D യും (ആണെന്നാണ് എന്റെ ഓർമ്മ) വന്നു താമസമാക്കി. തുമ്പമൺ ചക്കാലമണ്ണിൽ തൊമ്മൻ കോരുത് എന്ന വൃദ്ധൻ (ഫാദർ കോശി ചക്കാലമണ്ണിലിന്റെ പിതൃവാൻ) ഈ വൈദികരുടെ പ്രവർത്തനം വഴി കത്തോലിക്കനായി. അദ്ദേഹത്തിന്റെ വീട്ടിലോ നാട്ടിലോ സമീപപ്രദേശങ്ങളിലോ ഒരു കത്തോലിക്കനും ഉണ്ടായിരുന്നില്ല.

അതിനാൽ തുമ്പമണ്ണിലെ ചെറുപ്പക്കാർ വല്യപ്പനെ കാണുമ്പോൾ 'വല്യപ്പാ, ചത്താലെങ്ങനെയാണ്' (അടുത്തെങ്ങും കത്തോലിക്കരോ അവരുടെ പള്ളിയോ സിമിത്തേരിയോ ഇല്ലല്ലോ എന്നർത്ഥം) എന്നു ചോദിക്കുമായിരുന്നു. വല്യപ്പന്റെ മറുപടി, 'എന്റെ കുഞ്ഞുങ്ങളെ ചത്താലെങ്ങനെയാണ് എന്നോർത്തിട്ടാണല്ലോ നിങ്ങൾ കത്തോലിക്കാ സഭയിൽ ചേരാതിരിക്കുന്നത്. എന്നാൽ, 'ചത്താൽ എങ്ങനെയാണ് എന്നോർത്തിട്ടാണ് ഞാൻ കത്താലിക്കാ സഭയിൽ ചേരാൻ നിർബന്ധിതനായതത്.'


www.malankaralibrary.com

വല്യപ്പൻ ഞായറാഴ്ച്ച കുർബ്ബാന കാണാൻ ചിലപ്പോൾ കൊട്ടാരക്കരയും മറ്റു ചിലപ്പോൾ അയിരൂർ ലൂർദ്ദാശ്രമത്തിലും വരിക പതിവായിരുന്നു. കൊട്ടാരക്കരയ്ക്കു പോകുമ്പോൾ വീട്ടിൽ നിന്നും അച്ചന്മാർക്കുവേണ്ടി ഒരു പലഹാരപ്പൊതികൂടി കരുതുമായിരുന്നു. വയോവൃദ്ധനായ ഈ വല്യപ്പന്റെ ഈദൃശ പ്രവൃത്തി കണ്ടിട്ട് ബഹു.അച്ചന്മാർ 'വല്യപ്പാ ഞങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ഇവിടെയുണ്ട്. വല്യപ്പൻ ബുദ്ധിമുട്ടി ദൂരെനിന്ന് ഇതൊന്നും ചുമന്നുകൊണ്ടുവരേണ്ട ആവശ്യമില്ല' എന്നു പറഞ്ഞ് വിലക്കി. പക്ഷേ, പിറ്റെ ആഴ്ചയും വല്യപ്പൻ പലഹാരപ്പൊതി കൊണ്ടുവരികതന്നെ ചെയ്തു. അച്ചമ്മാരെ കാണിക്കാതെ ഭക്ഷണമുറിയിൽ കയറി അത് അലമാരയിൽ വച്ചപ്പോൾ പാത്രം വീണ് ശബ്ദമുണ്ടായി. കള്ളൻ കയറിയെന്നു വിചാരിച്ച് അച്ചമ്മാർ ഓടിയെത്തി. വല്യപ്പൻ പിന്നെയും പലഹാരപ്പൊതി കൊണ്ടുവന്നിരിക്കുകയാണെന്നു കണ്ടപ്പോൾ അല്പം കോപം നടിച്ചുകൊണ്ട് സുപ്പീരിയറച്ചൻ പറഞ്ഞു: ' വല്യപ്പാ, അനുസരിക്കാൻ പഠിക്കണം' എന്ന്. വല്യപ്പന്റെ മറുപടി: 'എന്റെ അച്ചോ അനുസരിക്കണം എന്നുള്ളത് ഞങ്ങൾ പുത്തൻകൂറ്റുകാർക്ക് ഒട്ടും ഇല്ലാത്തതാണെന്ന് അച്ചനറിഞ്ഞുകൂടെ'. തുടർന്ന് ഒരു കമന്റുകൂടി: 'ഈ വയസ്സുകാലത്ത് അല്പം പുണ്യം സമ്പാദിക്കാൻ അച്ചൻ അനുവദിക്കില്ലേ'?

അയിരൂർ ലൂർദ്ദാശ്രമത്തിൽ വല്യപ്പൻ കുർബ്ബാന കാണാൻ വന്ന ഒരു ഞായറാഴ്ച്ച കുർബാന കഴിഞ്ഞ് ഞങ്ങളെല്ലാം പള്ളിമുറ്റത്ത് സംസാരിച്ചുകൊണ്ട് നിൽക്കുകയാണ്. നല്ല നർമ്മബോധമുള്ള നൈനാൻ വർഗീസ് വല്യപ്പനോട് ചോദിക്കുകയാണ്, 'ഞങ്ങൾ വിവരമില്ലാത്ത ചെറുപ്പക്കാർ റോമായിൽ ചേരുക എന്ന ചില അബദ്ധങ്ങൾ ഒക്കെ കാണിച്ചേക്കും. പക്ഷേ, വല്യപ്പനെപ്പോലെ ലോകപരിചയവും വിവേകമുള്ളയാൾ ഇങ്ങനെയുള്ള അബദ്ധത്തിൽ ചാടുന്നത് ശരിയാണോ?

വല്യപ്പന്റെ മറുപടി: 'എടാ പോത്തച്ചാ, എനിക്ക് വയസ്സ് 80 ആയി. കുഴിയിലേക്ക് കാലും നീട്ടിയിരിക്കയാണ്. എനിക്കു ലോകത്തെ വേണ്ടാ, ലോകത്തിന് എന്നെയും വേണ്ട എന്ന സ്ഥിതിയിലായിരിക്കയാണ്. എന്നാൽ, ഞാൻ നോക്കിയിട്ട് മരിക്കാൻ കത്തോലിക്കാ സഭപോലെ മറ്റൊരു നല്ല സഭയെ ഞാൻ കണ്ടില്ല. അതുകൊണ്ടാണ് ഞാൻ കത്തോലിക്കനായത്. എന്നാൽ, നിന്നെപ്പോലെയുള്ള ചെറുപ്പക്കാർക്ക് ഇത് അശേഷം ജീവിക്കാൻ കൊള്ളുന്ന സഭയല്ല. എന്തൊരു കർക്കശമായ നിയമങ്ങളാണ് ഒരു കത്തോലിക്കൻ അനുസരിക്കേണ്ടത്. അതുകൊണ്ട് ഞാൻ കാണിച്ചത് ബുദ്ധിയും നീ കാണിച്ചത് മണ്ടത്തരവുമാണ്.' എല്ലാവർക്കും ഏറെ നേരം ചിരിക്കുന്നതിനുള്ള ഒരു വക കിട്ടി. ☐


www.malankaralibrary.com

## ഏഷ്യയിലെ മാർത്തോമ്മാ സഭകൾ എന്ന ഗ്രന്ഥത്തിൽ റവ.ഡോ.എൻ.എ. തോമസ് നങ്ങച്ചിവീട്ടിൽ തുമ്പമൺ വല്യപ്പനെക്കുറിച്ച് എഴുതിയ ഭാഗം



**റവ.ഡോ.എൻ. എ. തോമസ്**
**നങ്ങച്ചിവീട്ടിൽ**

**പു**നരൈക്യചരിത്രത്തിലെ ഒരു ഐതിഹാസികപുരുഷനാണ് ദൃഢ വിശ്വാസിയും മഹാധീരനും ഉദാരമതിയും ആയിരുന്ന ചക്കാലമണ്ണിൽ വല്യപ്പൻ, അഥവാ "തുമ്പമൺ വല്യപ്പൻ" എന്നറിയപ്പെട്ടിരുന്ന ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻകോരുത്. അദ്ദേഹത്തെപ്പറ്റി തുമ്പമണ്ണിലും സമീപസ്ഥലങ്ങളിലും പ്രചരിച്ചിരുന്ന ഐതിഹ്യങ്ങൾ അനവധിയാണ്. ദിഗന്തങ്ങൾ മുഴങ്ങുന്ന പുനരൈക്യത്തിന്റെ സമര കാഹളമായിരുന്നു വല്യപ്പൻ എന്നു പറഞ്ഞാൽ തെറ്റില്ല. റോമാസഭയെപ്പറ്റിയുള്ള ദുഷ്പ്രചരണങ്ങളിൽ വിശ്വസിച്ചു മനം മയങ്ങികിടന്നവരുടെ ശ്രവണപുടങ്ങളെ ഭേദിക്കുന്നതായിരുന്നു വല്യപ്പന്റെ കാഹളശബ്ദം. കത്തോലിക്കനായതിനെക്കാൾ കൂടുതലായി വല്യപ്പനുണ്ടായിരുന്ന സംതൃപ്തി എല്ലാ ഭീഷണികളേയും ചെറുത്ത്, താൻ കത്തോലിക്കനാണെന്നു വിളംബരപ്പെടുത്തുന്നതിലായിരുന്നു. സത്യാന്വേഷകനായ വല്യപ്പൻ താൻ ജനിച്ചുവളർന്ന മാർത്തോമ്മാ സഭയുടെ മൂലകുടുംബം അന്വേഷിച്ച് യാക്കോബായയിൽ ചേർന്നു; അതിന്റെയും മൂലകുടുംബം അന്വേഷിച്ചാണ് കത്തോലിക്കാ സഭയിൽ പ്രവേശിച്ചത്. 1923 മെയ് 8-ന് 70-ാമത്തെ വയസ്സിൽ കൊട്ടാരക്കര പള്ളിയിൽവച്ച് കത്തോലിക്കാ സഭയിൽ അംഗമായി ചേർന്നു. കുടുംബാംഗങ്ങൾ പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ് പുനരൈക്യപ്പെട്ടത്. അവർ സ്വയം സത്യം ഗ്രഹിച്ചു ചേരട്ടെ എന്നായിരുന്നു വല്യപ്പന്റെ നിശ്ചയം. മാർ ഈവാനിയോസിന്റെ കത്തോലിക്കാ സഭാപ്രവേശനത്തോടുകൂടി, പുനരൈക്യത്തിന്റെ നിറകുടം കണ്ട് ആത്മനിർവൃതിയോടുകൂടി വല്യപ്പൻ 1937-ൽ പരലോകം പ്രാപിച്ചു.


www.malankaralibrary.com

ഈ വല്യപ്പനെ മനസ്സിലാക്കുവാൻ ഇന്നത്തെ തലമുറയ്ക്ക് പ്രയാസമായിരിക്കും. വല്യപ്പൻ സഭാപ്രവേശം നടത്തിയപ്പോഴുള്ള ദേശകാലസ്ഥിതികൾ മനസ്സിലാക്കിയെങ്കിൽ മാത്രമേ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ ആഴവും വിശ്വാസത്തിന്റെ ദാർഢ്യവും സ്വഭാവത്തിന്റെ മഹിമയും മനസ്സിലാക്കുവാൻ കഴിയൂ. സത്യദാഹിയായ അദ്ദേഹം സത്യാന്വേഷകനായിരുന്നു. അതിന് അദ്ദേഹം കൊടുത്ത വില അപാരമായിരുന്നിട്ടും, അത് അദ്ദേഹത്തിന്റെ മനസ്സിനെ ലവലേശവും കുലുക്കിയില്ല. കത്തോലിക്കാസഭയോടുള്ള വിദ്വേഷം മുറ്റിനിന്ന അക്കാലത്ത്, പ്രത്യേകിച്ചും തുമ്പമൺ ദേശത്ത്, രക്തസാക്ഷിത്വത്തിന്റെ കവചമില്ലാതെ കത്തോലിക്കനാകുവാൻ കഴിയുമായിരുന്നില്ല. അന്ന് വല്യപ്പനെ വലയം ചെയ്തിരുന്ന സഭാവിരുദ്ധരെ വെല്ലുവിളിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ജൈത്രയാത്ര. അകത്തോലിക്കാകേന്ദ്രങ്ങളിൽ ഒരു കത്തോലിക്കൻ മരിച്ചാൽ ഒരു സെമിത്തേരി വേണമല്ലോ. കഴുത്തിൽ ക്രൂശിതനായ ക്രിസ്തുവിന്റെ വലിയൊരു രൂപവും ധരിച്ചുകൊണ്ട് ചന്തകളിലും മറ്റു പരസ്യസ്ഥലങ്ങളിലും വിജയഭാവത്തിൽ സഞ്ചരിച്ചിരുന്ന വല്യപ്പന്റെ ചുറ്റും ആളുകൾകൂടി പരിഹസിക്കും, "വല്യപ്പാ, മരിച്ചാലെങ്ങനയാ? വല്യപ്പൻ ഒരു മന്ദസ്മിതത്തോടെ മറുപടി പറയും, എന്റെ കുഞ്ഞുങ്ങളേ, അതുതന്നെയാണ് ഞാനും ചിന്തിച്ചത്, മരിച്ചുകഴിഞ്ഞാൽ സ്വർഗ്ഗത്തിലെത്താനുള്ള വഴി തന്നെയാ ഞാൻ തിരഞ്ഞെടുത്തത്." അതോടെ വഴിമുട്ടിയ ബുദ്ധിയുമായി അവർ അട്ടഹാസത്തോടെ പിരിയും.

എല്ലാ ആക്ഷേപങ്ങളേയും അവഹേളനങ്ങളേയും, തുമ്പമൺ വല്യപ്പൻ, തന്റെ ഒരിക്കലും വിട്ടൊഴിയാത്ത നർമ്മരസത്തിലാണ് സ്വീകരിച്ചത്. ഇതായിരുന്നു സാക്ഷാൽ തുമ്പമൺ വല്യപ്പൻ. ഇന്ന് പുഷ്പദലങ്ങൾ വിരിച്ച മെത്തയാണ് പുനരൈക്യമെങ്കിൽ അന്ന് കാരമുള്ളുകളുടെ കിരീടമായിരുന്നു പുനരൈക്യത്തിനു കിട്ടിയിരുന്ന പ്രതിഫലം. ത്യാഗത്തിന്റെ മാനദണ്ഡം നഷ്ടപ്പെട്ടവർക്ക് ഈ വല്യപ്പനെ എങ്ങനെ അളക്കുവാനും അറിയുവാനും സാധിക്കും. തുമ്പമൺ വല്യപ്പന്റെ പൗത്രനായ ഫാ. സി. കെ. കോശി ചക്കാലമണ്ണിൽ ഇന്ന് തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാണ്.

****************


www.malankaralibrary.com

# *രാമൻചിറ സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെ മുൻ വൈദികനായ ഫാ.തോമസ് കൈതനാലിന്റെ ഓർമ്മക്കുറിപ്പുകളിൽ നിന്നുള്ള ഭാഗം*



**റവ.ഫാ.തോമസ് കൈതനാൽ**

നമ്മുടെ പുനരൈക്യ പ്രസ്ഥാനത്തിനു വളരെ മുമ്പേ 'തുമ്പമൺ വല്ല്യപ്പൻ' കത്തോലിക്കാ സഭയയിൽ ചേർന്നു എന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അന്ന് ഏകദേശം 25 മൈൽ ചുറ്റളവിലെങ്ങും ഒരു കത്തോലിക്കാ പള്ളി ഇല്ലായിരുന്നു. അതിനാൽ കൊട്ടാരക്കരയിലോ ചങ്ങനാശ്ശേരിയിലോ ചെന്നാണ് തുമ്പമൺ വല്ല്യപ്പൻ കുർബ്ബാന കണ്ടിരുന്നത്. ചക്കാലമണ്ണിൽ കുടുംബത്തിൽ നിന്ന് ഇദ്ദേഹം അല്ലാതെ മറ്റാരും കത്തോലിക്കാസഭയിൽ ചേർന്നിട്ടുമില്ലായിരുന്നു. താൻ മരിച്ചുപോയാലെങ്ങനെയാണെന്ന് ഒരിക്കൽ അവരുടെ ഒരു മെത്രാൻ ഇദ്ദേഹത്തോട് ചോദിക്കുക ഉണ്ടായി. "തിരുമേനി, അത് വിചാരിച്ചിട്ടാണ് ഞാൻ കത്തോലിക്കാ സഭയിൽ ചേർന്നത്" എന്നായിരുന്നു ആ വല്ല്യപ്പന്റെ മറുപടി.

ഇപ്പോൾ രാമൻചിറ ഇടവകയിലുള്ള തുമ്പമൺ വല്ല്യപ്പന്റെ പിൻതലമുറക്കാരിൽ കൈതത്തടത്തിൽ കൊച്ചോയിക്കുഞ്ഞും പത്നി ശോശാമ്മയും അവരുടെ പിൻതലമുറക്കാരും കൂടാതെ പുത്തൻപുരയ്ക്കൽ (കാഞ്ഞിരംനിൽക്കുന്നതിൽ) പാപ്പിച്ചായനും ആച്ചിയമ്മയും പ്ളാവിനാൽ ഈപ്പച്ചനും അവരുടെ പിൻതലമുറക്കാരും സഭയ്ക്കു പ്രചോദനമായി നിലകൊള്ളുന്നു......


www.malankaralibrary.com

# വിശ്വാസപ്പോരാട്ടത്തിന്റെ അമരക്കാരൻ

***പത്തനംതിട്ട രൂപതയുടെ ഉദ്ഘാടനവേളയിൽ പുറത്തിറക്കിയ ഒരു വിശേഷാൽ പതിപ്പിൽ പ്രശസ്ത സാഹിത്യകാരൻ***

## *ശ്രീ. പീറ്റർ സി. ഏബ്രഹാം*

***എഴുതിയിട്ടുള്ളതാണ് ഈ ലേഖനം***



**പീറ്റർ സി. ഏബ്രഹാം**

**സ്ഥാ**നമാനങ്ങളും ധനവും ബന്ധുബലവും മറ്റും ഒരു വയസ്സനെ സംബന്ധിച്ച് വാർദ്ധക്യത്തിലെ ഊന്നുവടികളാണ്. കരഗതമായിരുന്ന ഈവക സുരക്ഷിതത്വങ്ങളൊക്കെ സത്യസഭാ ആശ്ലേഷത്തെ പ്രതി തന്റെ 70-ാം വയസ്സിൽ ചക്കാലമണ്ണിൽ തൊമ്മൻ കോരുത് എന്ന സാക്ഷാൽ തുമ്പമൺ വല്യപ്പൻ ' ഉച്ഛിഷ്ടം പോലെ ' വലിച്ചെറിഞ്ഞപ്പോൾ ചാർച്ചക്കാരും ദേശവാസികളും പരിഹസിച്ചാക്ഷേപിച്ചു; ' ഈ വല്യപ്പന്റെ ഒരു കട്ട ഇളകിയിരിക്കുന്നു. ' ഓർത്തഡോക്സ് സഭയുടെ മതിൽക്കെട്ടിനു പുറത്തേക്കു ബദ്ധപ്പെട്ടു ചാടി കത്തോലിക്കാ സഭ



www.malankaralibrary.com

യുടെ മടിത്തട്ടിൽ അഭയപ്പെടുക എന്നത് അന്നൊരു സാഹസോദ്യമയം തന്നെയായിരുന്നു. അടക്കാനാവാത്ത ആത്മഹർഷത്തോടെ ഒരു ധീരസാക്ഷീകരണം എന്ന നിലയിൽ ചരടിൽ കൊരുത്ത തടിക്കുരിശ് സദാ ധരിക്കുകയും ചെയ്തുപോന്നു ആ വയോധികൻ. 'പിരാന്ദൻ' എന്നു തന്നെ നോക്കി കൂകിവിളിച്ചവരോട് ആ വിശ്വാസയോദ്ധാവ്, പ്രബുദ്ധതയുടെ ഉയരത്തിൽ നിലയുറപ്പിച്ച് എത്ര സഹിഷ്ണുതയോടെയാണ് പ്രതികരിച്ചത് ! ലോകമോഹങ്ങളാകെ ഉപേക്ഷിച്ച് ജ്ഞാനമാർഗ്ഗം കാംക്ഷിച്ച് ആശ്രമങ്ങളിൽ എത്തിപ്പെടുന്നവരെ ആസ്പരിന്തന്മാർ (aspirants) എന്നു കത്തോലിക്കാ സഭയിൽ വിളിക്കുന്നുണ്ടെന്നും 'പിരാന്തൻ' എന്നു തനിക്ക് ശത്രുപക്ഷം സമ്മാനിച്ച ഈ നവ്യനാമം അതിനോട് സാധർമ്മ്യമുള്ളതാണെന്നുമായിരുന്നു അഭിമാന പുരസ്സരമുള്ള വല്യപ്പന്റെ പ്രത്യുക്തികൾ. ക്രിസ്തു മാർഗ്ഗം തന്നെയാണെന്ന് കുരിശു ധരിച്ചുകൊണ്ട് അദ്ദേഹം ഏവരേയും ഓർമ്മപ്പെടുത്തുകയായിരുന്നു.

'എനിക്കു ലോകത്തെയും വേണ്ടാ, എന്നെ ലോകത്തിനും വേണ്ടാ' എന്നു പറഞ്ഞ് നിർമ്മമത്വത്തിന്റെ പരകോടിയിൽ ധ്യാനനിമഗ്നനായി നില്ക്കുന്ന ക്രിസ്തുഭക്തനെയാണു നാം ഈ ജീവിതത്തിലൂടെ തിരിച്ചറിയുന്നത്. ജ്ഞാനവും പ്രഭുത്വവും കൈമുതലായിരുന്ന ഒരു ആഢ്യപ്രമാണിയാണ് 'എനിക്കു ലോകത്തെ വേണ്ടാ' എന്നു പ്രഖ്യാപിച്ചത് എന്നോർക്കണം. അൽമായർക്കുവേണ്ടി തൃതീയാശ്രമം സ്ഥാപിച്ച മഹർഷി മാർ ഈവാനിയോസിന്റെ യോഗീചര്യങ്ങളും തുമ്പമൺ വല്യപ്പൻ സ്വാംശീകരിച്ചിരുന്നു എന്നതിന് തെളിവല്ലേ ഈ മനോഭാവം.

വൈരികളാൽ നിന്ദിക്കപ്പെട്ട്, ഏകാന്തതയുടെ മുനമ്പിൽ നില്ക്കുമ്പോഴും ക്രിസ്തുവിനാൽ സ്ഥാപിതമായ കത്തോലിക്കാ സഭയിൽ നേടിയ അംഗത്വത്തെ പ്രതി ആനന്ദിക്കുകയും അതാണു തന്റെ ഏക സമ്പാദ്യം എന്ന് ഉറക്കെ വിളിച്ചു പറയുകയുമായിരുന്നു ആ അല്മായ ധീരൻ.

പത്തനംതിട്ട ഭൂമികയിലെ തീഷ്ണ വിശ്വാസികളായ അല്മായരുടെ അഗ്രഗാമിയെന്നു വിശേഷിപ്പിക്കാം ഈ അദ്ധ്യാത്മ യോദ്ധാവിനെ. അഖില മലങ്കരയ്ക്കും മാതൃകാമൂർത്തിയുമാണദ്ദേഹം. പുനരൈക്യപ്രവാഹം ഉറഞ്ഞൊഴുകിയത് പത്തനംതിട്ടയിലെ മുണ്ടൻമല എന്ന ഗിരി മകുടത്തിൽ നിന്നാണ്. ആ ഗിരിശൃംഗത്തിന്റെ ആചാര്യനായ ബഥനിമുനി സത്യസഭാ പ്രവേശനം സാക്ഷാത്ക്കരിച്ചതിനും 7 വർഷം


www.malankaralibrary.com

മുമ്പേ അതു സാദ്ധ്യമാക്കിയ സഭാദാർശനികനായിരുന്നു തുമ്പമൺ വല്യപ്പൻ. ശത്രുപക്ഷത്തിന്റെ പ്രതിരോധ സന്നാഹങ്ങൾ കണ്ട് പുനരൈക്യോദ്യമത്തിനു ധൈര്യപ്പെടാതെ ഭയന്നു നിന്നവർക്ക് ധീരോദാത്ത മാതൃകയായിരുന്നു അജയ്യനായ വല്യപ്പൻ. ഗ്രന്ഥാർജ്ജിത സഭാവിജ്ഞാനത്തോടെ അദ്ദേഹം എഴുതി സ്വന്തം ചെലവിൽ അച്ചടിച്ചു പത്തനംതിട്ട പ്രദേശങ്ങളിൽ വിതരണം ചെയ്ത ലഘുലേഖകൾ അനേകരിൽ പുനരൈക്യപ്രേരണജ്വലിപ്പിച്ചു. ക്രിസ്തുവിന്റെ വഴിയൊരുക്കാൻ മുന്നമേ അയയ്ക്കപ്പെട്ട സ്നാപകയോഹന്നാനെപ്പോലെ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു കളമൊരുക്കാൻ ഈ മലയോര വീഥികളിൽ കാലം സജ്ജമാക്കി നിറുത്തിയ കർമ്മപടുവായിരുന്നു 'വല്യപ്പൻ' എന്നു പറയാം.

കാലം ഇന്ന് ഏറെ മാറിക്കഴിഞ്ഞിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭ വികസ്വരതയുടെ ചിറകിലേറി അതിദ്രുതം പറക്കുകയാണിപ്പോൾ. പക്ഷേ, കാലാബ്ധിയിൽ നിമജ്ജനം ചെയ്ത വല്യപ്പനെപ്പോലെയുള്ള പൂർവ്വസൂരികളുടെ സ്മൃതികുടീരങ്ങളിൽ വിളക്കുവയ്ക്കുവാൻ പിൻതലമുറകൾ മറന്നു പോയോ എന്നു നാം ശങ്കിക്കണം. ' വിശ്വാസം ; അതല്ലേ എല്ലാം' എന്ന് എട്ടൊൻപതു ദശകങ്ങൾക്കു മുമ്പേ മുന്നറിയിച്ച ഈ അത്മായ പ്രവാചകൻ പത്തനംതിട്ടയിക്ക് മാത്രമല്ല, സത്യാന്വേഷികളായ സർവ്വർക്കും പ്രചോദന ജ്യോതിസ്സായി എരിഞ്ഞു നില്ക്കുകയാണ്; ഒരു തീപ്പന്തം കണക്കേ.

******************


www.malankaralibrary.com

ക്രൈസ്തവ കാഹളം
79-ാമത് പുനരൈക്യവാർഷികത്തിൽ
"ക്രൈസ്തവകാഹള"ത്തിൽ
പ്രസിദ്ധീകരിച്ച ചരിത്ര ലേഖനം

### പുനരൈക്യ പന്ഥാവിലെ പ്രകാശഗോപുരം

# സത്യാന്വേഷിയായ തുമ്പമൺ വല്യപ്പൻ

**ജോമിതോമസ് കലയപുരം**



**പു**നരൈക്യ പ്രസ്ഥാനത്തിന്റെ 79-ാം വാർഷികത്തിന്റെ സ്മരണയിൽ മലങ്കര സഭാമക്കൾ ഹർഷപുളകിതരാവുന്ന സുവർണ്ണ നിമിഷങ്ങൾ സമാഗതമായിരിക്കുന്നു. ഒരു ചരിത്രസ്മരണയിലൂടെ നാം കടന്നുപോകുമ്പോൾ ഈ ചരിത്ര സംഭവത്തിനു മുന്നിലും പിന്നിലും പ്രവർത്തിച്ച അനേകം സഭാസ്നേഹികളുടെ പാവന ചരിത്രങ്ങൾ നമുക്ക് കുളിർമ പകരുന്നു. 1930 സെപ്റ്റംബർ 20 ലെ സുപ്രസിദ്ധമായ പുനരൈക്യത്തിലൂടെ ദൈവ ദാസൻ മാർ ഈവാനിയോസ് തിരുമേനി കൂനൻ കുരിശു സത്യത്തെ ത്തുടർന്ന് ഉണ്ടായ ചരിത്ര പ്രതിസന്ധിക്ക് വിരാമം കുറിച്ചു.

1920 മുതൽ 1930 വരെയുള്ള കാലങ്ങളിൽ പുത്തൻകൂർ സുറിയാനി സഭകളിൽ നിന്നും ഒറ്റയ്ക്കും കൂട്ടായും അനേകം പുനരൈക്യങ്ങൾ നടക്കുകയുണ്ടായി. നിരവധി വ്യക്തികളും കുടുംബങ്ങളും വൈദികരും ഇത്തരത്തിൽ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടിട്ടുണ്ട്. 1923-ൽ പുത്തൻകൂർ സമുദായത്തിന്റെ പുനരൈക്യ ചരിത്രത്തിൽ പുതിയൊരു പാതവെട്ടിത്തുറന്നുകൊണ്ട്, കത്തോലിക്കാ സഭയിലേയ്ക്ക് പുനരൈക്യപ്പെട്ട് ചരിത്രത്തിൽ സ്ഥാനം പിടിച്ച വീറുറ്റ ത്യാഗധനനായിരുന്നു ചക്കാലമണ്ണിൽ തൊമ്മൻ കോരുത്. "തുമ്പമൺ വല്യപ്പൻ" എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഈ സാഹസിക ദൗത്യത്തിന് ഇദ്ദേഹം പുറപ്പെട്ടത് 1923 മെയ് 8-ാം തീയതിയായിരുന്നു. പുനരൈക്യപ്പെടുമ്പോൾ ഇദ്ദേഹത്തിന്70 വയസ്സ് പ്രായമായിരു


www.malankaralibrary.com

ന്നു. ഈ വിശ്വസ ധീരന്റെ ജീവിതം സഭാസ്നേഹികൾക്കും ചരിത്രാ ന്വേഷികൾക്കും കൗതുകവും ജിജ്ഞാസയും ഉളവാക്കുന്നതാണ്. പ്രതി ബന്ധങ്ങളെ അതിജീവിച്ചുകൊണ്ട് സത്യത്തെ മുറുകെപ്പിടിച്ച് തന്റെ പ്രേഷിതവേല എഴുപതാം വയസ്സിൽ ഇദ്ദേഹം ആരംഭിച്ചു. ഉത്തമ കത്തോലിക്കാ ജീവിതം നയിച്ചുകൊണ്ട് സത്യത്തിന്റെ വഴിത്താരയി ലേക്ക് മറ്റുള്ളവരെ ആകർഷിക്കുവാൻ പര്യാപ്തമായ പ്രബോധ നങ്ങളും പ്രവർത്തനങ്ങളും ചെയ്ത് സഭയ്ക്കുവേണ്ടി 'തുമ്പമൺ വല്യ പ്പൻ' എന്ന പടയാളി അഹോരാത്രം പ്രവർത്തിച്ചു. പുനരൈക്യത്തിന്റെ ഗതകാല ചരിത്രത്തിൽ അർപ്പണബോധത്തോടും ദീർഘവീക്ഷണ ത്തോടും കൂടി പ്രവർത്തിച്ച ത്യാഗസമ്പന്നമായ ചരിത്രമാണ് ഇദ്ദേഹ ത്തിന്റേത്. സ്ഥാനമാനങ്ങളോ സ്വാർത്ഥ ലാഭങ്ങളോ തൊട്ടു തീണ്ടാതെ സഭാ മാതാവിനോടുള്ള അചഞ്ചലമായ ഭക്തിയും പ്രതിബദ്ധതയും പുലർത്തിയ അതുല്യ വ്യക്തിത്വത്തിനുടമയായിരുന്നു 'തുമ്പമൺ വല്യ പ്പൻ'.

ഒരു കാലഘട്ടത്തിൽ സഭയുടെ ജിഹ്വയായി പ്രവർത്തിച്ച ഈ വീര പോരാളിയുടെ ഓർമ്മകൾ അയവിറക്കുംതോറും, നമ്മെ കോരിത്തരി പ്പിക്കുകയും രസിപ്പിക്കുകയും ചെയ്യും. വരും തലമുറയ്ക്ക് തുമ്പമൺ വല്യപ്പന്റെ ഉത്തേജിത കഥകൾ പകർന്നു കൊടുത്ത് അവരെ വിശ്വാ സത്തിൽ പ്രോജ്ജ്വലിപ്പിക്കാൻ നമുക്ക് അവശേഷിക്കുന്നത് ചിതല രിച്ച ചില ഗ്രന്ഥങ്ങളിലെ ചിതറിയ പരാമർശങ്ങൾ മാത്രമാണ്. മല ങ്കര സഭാ മക്കൾക്ക് അഭിമാനത്തിന്റെ ഓർമ്മ നൽകുന്ന ഈ ആത്മായ പ്രേഷിതനെപ്പറ്റി വരും കാലങ്ങളിലെങ്കിലും ഗൗവരമായ പഠനങ്ങളും ജീവചരിത്ര രചനകളും ഉണ്ടാകണം.

ഇത്തരുണത്തിൽ തുമ്പമൺ വല്യപ്പനെപ്പറ്റി ചില ഗ്രന്ഥങ്ങളിൽ വന്ന കുറിപ്പുകളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഫാ. ഗ്രഗറി സി.എം.ഐ രചിച്ച 'മിഷൻ സ്മരണകൾ' (1921–1925) എന്ന ലഘുഗ്രന്ഥത്തിൽ തുമ്പമൺ വല്യപ്പനെക്കുറിച്ച് ഒരു ഹ്രസ്വപ്ര തിപാദനവും ചില സംഭവങ്ങളും എഴുതിയിട്ടുണ്ട്. സരസവും ചിന്ത നീയവുമായ വരികളിലൂടെ തുമ്പമൺ വല്യപ്പന്റെ ജീവിതത്തെ ഫാ. ഗ്രിഗറി വരച്ചുകാട്ടിയിരിക്കുന്നത് ശ്രദ്ധിക്കുക.

സഭ പ്രവേശനവും കഴിഞ്ഞു തുമ്പമണ്ണിൽ തിരിച്ചെത്തിയ വൃദ്ധ നോടു പലരും ചോദിക്കുന്ന ഒരു ചോദ്യം " ഇനി ചത്താൽ എങ്ങനെ യാണ്?" എന്നായിരുന്നു. അതിനു മി. കോരുതു സന്ദർഭം നോക്കി നൽകിയിരുന്ന മറുപടി രസാവഹമാണ്."ചത്താൽ എങ്ങനെ യാണ്?"എന്നു നിങ്ങൾ ചോദിക്കുന്നു. ഇവിടെ അടുത്തെങ്ങും



www.malankaralibrary.com

കാത്തോലിക്കാ പള്ളികളോ, ശവകോട്ടകളോ ഇല്ലാത്ത സ്ഥിതിക്കു ശവം എവിടെ സംസ്കരിക്കും എന്നതായിരിക്കുമല്ലോ നിങ്ങളുടെ ഈ ചോദ്യത്തിന്റെ സാരം. കൊള്ളാം, ഞാൻ അന്വേഷിച്ചിട്ട് ആവശ്യമില്ലാത്ത ഏക കാര്യം അതാണെന്നാണു ഞാൻ വിചാരിക്കുന്നത്. അതു ഇന്നവിധത്തിൽ ഇന്ന സ്ഥത്തു സംസ്കരിക്കണം എന്നെല്ലാം ഞാൻ മുൻകൂട്ടി വ്യവസ്ഥ ചെയ്യുകയും ഇതിലേക്കു വേണ്ട തുക നീക്കിവയ്ക്കുകയും ചെയ്താലും, ജീവിച്ചിരിക്കുന്ന എന്റെ ബന്ധുമിത്രാദികൾ ആ വ്യവസ്ഥയനുസരിച്ച് യാതൊന്നും പ്രവർത്തിക്കാതെ വരുന്ന പക്ഷം ഞാൻ എന്തു ചെയ്യും? അതിനാൽ, മറ്റുള്ളവരുടെ ശവം മൂടുന്നതിനെപ്പറ്റിയല്ലാതെ, എന്റെശവം മൂടുന്നതിനെപ്പറ്റി ഞാൻ ചിന്തിച്ചിട്ടേ ഇല്ല. അക്കാര്യം എന്റെ ഭാര്യയും മക്കളുമാണ് വിചാരിക്കേണ്ടത്. അവർക്കും അതിന്മേൽ ചിന്തയില്ലെങ്കിൽ ഞാൻ മരിക്കുന്ന സ്ഥലത്തു തന്നെ എന്റെ മൃതശരീരം കിടന്നുകൊള്ളട്ടെ. ഒന്നു രണ്ടു ദിവസം കഴിഞ്ഞ് അതു ചീഞ്ഞു നാറുന്നു എന്നു കാണുമ്പോൾ വല്ല വഴിപോക്കരെങ്കിലും അതെടുത്തു മൂടാതിരിക്കയില്ല. അതിനു അപ്പോൾ സ്ഥലവുമുണ്ടാകും.

മറ്റു ചിലരോടാകട്ടെ അദ്ദേഹം മറുപടി പറഞ്ഞിരുന്നതു ഇങ്ങനെയാണ്. “ചത്താൽ എങ്ങനെ എന്നു നിങ്ങൾ ചോദിക്കുന്നു. ചത്താൽ എവിടെ മൂടും എന്നല്ലേ നിങ്ങളുടെ ഭയം? കൊള്ളാം, എവിടെ മൂടിയാലെന്ത്? മൃതശരീരം മൂടുന്ന സ്ഥലവ്യത്യാസമനുസരിച്ചായിരിക്കുമോ ആത്മാവു രക്ഷ പ്രാപിക്കുന്നത്? ചീഞ്ഞഴുകി മണ്ണോടു മണ്ണായി ചേർന്നു പോകുന്ന ഈ ശരീരം മൂടുന്ന കാര്യമോർത്തിട്ട് നിങ്ങൾ സത്യസഭയിൽ ചേരാൻ മടിക്കുന്നു. ചീഞ്ഞഴിയാത്തതും, മരണമില്ലാത്തതുമായ ആത്മാവിന്റെ കാര്യത്തെപ്പറ്റിയും നാം ഒന്നു ഓർക്കേണ്ടതല്ലയോ? അതിനാൽ ചത്താൽ പിന്നെ എങ്ങനെയാണ് എന്നുകൂടെ നാം ഒന്നു ചിന്തിക്കണം. ഇതാണു കൂടുതൽ സാരമായിട്ടുള്ളത്. ചത്താൽ മൂടുന്നത് ഓർത്തിട്ടു നിങ്ങൾ കാത്തോലിക്കാ സഭയിൽ ചേരാൻ മടിക്കുന്നു. എന്നാൽ ചത്താൽ പിന്നെയുള്ള ആത്മാവിന്റെ കാര്യമോർത്തിട്ടു എനിക്കു അതിൽ ചേരാതിരിക്കാൻ നിവൃത്തിയില്ലാതെയാണു വന്നത്.

ഇനിയും ചിലർക്കു ഈ ചോദ്യത്തിനു വൃദ്ധൻ കൊടുത്തിരുന്ന മറുപടി വേറൊന്നാണ്. ‘ ചത്താൽ എങ്ങനെ ’ എന്നാണല്ലോ നിങ്ങളുടെ ചോദ്യം. ചത്താൽ മൃതശരീരം മൂടുന്ന കാര്യത്തെപ്പറ്റി ആയിരിക്കുമല്ലോ ഭയം ? കൊള്ളാം, നിങ്ങൾ ഇത്ര പാവങ്ങളാണെന്നു ഞാൻ വിചാരിച്ചില്ല. എന്റെ പുരയിടങ്ങളിൽ പലർ വസിക്കുന്നുണ്ട്. അവർക്കാർക്കും ഒരിഞ്ചു സ്ഥലം പോലും സ്വന്തമായിട്ടില്ല. എന്നിട്ടും


www.malankaralibrary.com

സാധുക്കളായ അവർ മരിക്കുമ്പോൾ അവർക്കു മൂടാൻ സ്ഥലം കിട്ടുന്നുണ്ട്. ആരും മൂടപ്പെടാതിരിക്കുന്നുമില്ല. ആ സ്ഥിതിക്കു, ദൈവനുഗ്രഹത്താൽ അത്രയധികം പുരയിടങ്ങളും നിലങ്ങളുമെല്ലാമുള്ള എനിക്കു ഞാൻ മരിച്ചാൽ മൂടാൻ സ്ഥലം കിട്ടുകയില്ലെന്നാണോ. നിങ്ങൾ ഭയപ്പെടുന്നത്? കഷ്ടം തന്നെ!

ഒരിക്കൽ മി. കോരുതിന്റെ മൂത്ത പുത്രിയോടു ആരോ ഒരാൾ ചോദിച്ചു. " അന്നമ്മേ, എന്നതാണു നമ്മുടെ ഇടയിലെ വീട്ടിലെ വല്യപ്പനു ഒരു ' കട്ട' ഇളകിയിരിക്കയാണോ?

പുത്രി:–എന്താണ് ഇങ്ങനെ ചോദിക്കാൻ കാരണം?

അപരൻ : – അല്ല, ഈയിടെ റോമായിൽ ചേർന്നിരിക്കയാണെന്നു കേട്ടല്ലോ?

പുത്രി :- ആഹാ ! അത്രേയുള്ളോ ?

ഈ സംഭാഷണവിവരം വൃദ്ധൻ തന്നെ ഒരിക്കൽ ഞങ്ങളോടു പറയുകയും അതെപ്പറ്റി ഇങ്ങനെ ഒരു വിമർശനം നടത്തുകയുമുണ്ടായി. ഒരു യാക്കോബായക്കാരനായ അയാൾ ഇ ൗവിധം പറഞ്ഞതിൽ എനിക്കു ഒട്ടും വിസ്മയം ഇല്ല. മറിച്ചു പറഞ്ഞിരുന്നെങ്കിലാണു വിസ്മയിക്കേണ്ടിയിരുന്നത്. എന്തെന്നാൽ സർവസ്വാതന്ത്ര്യങ്ങളും അനുഭവിക്കാൻ ഏവനും കാംക്ഷിക്കുന്ന ഇക്കാലത്ത് ഒരു ക്രിസ്ത്യാനിയായി ജീവിക്കുക എന്നതു ഒരു ഭ്രാന്തായി പുറജാതികൾക്കു തോന്നാം. അങ്ങനെതന്നെ കൂടുതൽ നിബന്ധനകളും ചട്ടക്കൂട്ടുകളും ഉള്ള കത്തോലിക്കാസഭയിൽ ചേർന്നു ജീവിക്കുന്നത് 'കുത്തഴിഞ്ഞ പുസ്തകം' പോലിരിക്കുന്ന കത്തോലിക്കേതര ക്രൈസ്തവസഭക്കാർക്ക് ഒരു ഭ്രാന്തായി തോന്നാം. എന്തിന് ഒരു ദയറാക്കാരൻ (സന്യാസി) ആയി ജീവിതം നയിക്കുന്നതു ഒരു ഭ്രാന്താണെന്നു കാതോലിക്കരിൽ തന്നെയും പലർ വിചാരിക്കാറില്ലേ? ഒരുപക്ഷേ, ഇതുകൊണ്ടുതന്നെയായിരിക്കുമോ സന്യാസാർത്ഥികളായി നിങ്ങൾ കൂട്ടി വളർത്തുന്ന ചെറുപ്പക്കാർക്ക് അസ്പിരാന്തുകാർ (Aspirants) എന്നോ, ' അരപ്രാന്തുകാർ' എന്നോ മറ്റോ പേർ കൊടുത്തിരിക്കുന്നതെന്നും എനിക്കു തോന്നിയിട്ടുണ്ട്. സന്യാസം ലോകദൃഷ്ട്യാ ഒരു മുഴുഭ്രാന്തായിരിക്കെ, അതിനെ കാംക്ഷിക്കുന്നവരെ അര ഭ്രാന്തന്മാരായി പരിഗണിക്കുന്നതിൽ തരക്കേടൊന്നുമില്ലല്ലോ. അതിനാൽ എന്റെ മകളോട് ചോദ്യം ചെയ്തയാൾ എന്നെ ഒരു 'കട്ട' ഇളകിയവനായി വിചാരിക്കുന്നതിൽ വിസ്മയിക്കാനില്ല.



www.malankaralibrary.com

സഭാപ്രവേശനം കഴിഞ്ഞതുമുതൽ മരണംവരെ മി.കോരുത് ഒരു ക്രൂശിതരൂപം സദാ കഴുത്തിൽ ധരിച്ചിരുന്നു. തുമ്പമൺ ഭാഗങ്ങളിൽ ഇതൊരു അപൂർവ നടപടി ആയിരുന്നതിനാൽ കാണികളെ തന്നിലേക്കു ആകർഷിക്കുന്നതിനുവേണ്ടിക്കൂടിയാണ് വൃദ്ധൻ ഈ വിധം ചെയ്തിരുന്നത്, ഇതേപ്പറ്റി 'ക്രിസ്തുവിന്റെ പ്രതിമ ' നമ്മുടെ ഹൃദയത്തിലാണു ഉണ്ടാകേണ്ടത്, അല്ലാതെ പുറമേയല്ല, എന്നു പറഞ്ഞ ഒരാൾക്കു അദ്ദേഹം കൊടുത്ത മറുപടി 'ഹൃദയത്തിൽ അതു ഉണ്ടാകുന്നതിനു ഇതു ഒരു വിധത്തിൽ സഹായിക്കുക കൂടെയും ചെയ്കയില്ലേ? എന്നായിരുന്നു.

'വല്യപ്പാ, ഞാനുംകൂടെ കാത്തോലിക്കാ സഭയിൽ ചേർന്നുകൊള്ളാം. എനിക്കു അവിടെനിന്നും എന്തുകിട്ടും?" എന്ന് ഒരിക്കൽ ഒരു യുവാവ് മി.കോരുതിനോടു ചോദിച്ചു. അതിനു വൃദ്ധൻ "മറ്റേതൊരു കത്തോലിക്കനും സഭയിൽ നിന്നും കൊടുക്കുന്നതെല്ലാം സൗജന്യമായി നിനക്കും നൽകുന്നതാണ്. കുമ്പസാരം ആദിയായവയ്ക്കു നീ പണമൊന്നും കൊടുക്കേണ്ടതുമില്ല" എന്നുത്തരം നൽകി.

യുവാവ്- അതു എനിക്കറിയാം. പിന്നെ എന്തു കിട്ടും എന്നാണ് ഞാൻ ചോദിക്കുന്നത്.

വൃദ്ധൻ-കൊള്ളാം, രക്ഷക്കുള്ള ഏകമാർഗ്ഗം ഇതാണ് എന്നുള്ള പരമാർത്ഥബോധത്തോടെയാണ് നീ വരുന്നതെങ്കിൽ മറ്റു കാതോലിക്കർക്കുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു സമ്മാനം വിശേഷാൽ നിനക്കു ലഭിക്കും. അതു മറ്റൊന്നുമല്ല ഒരു കുരിശത്രെ. മറ്റു കാതോലിക്കർക്കുള്ളതിനെക്കാൾ കൂടുതൽ വിഷമതകളും ബുദ്ധിമുട്ടുകളും ക്രിസ്തുവിനെപ്രതി നീ സഹിക്കേണ്ടതായി വരും എന്നതാണ് ഞാൻ ഈ പറയുന്നതിന്റെ സാരം എന്നു നീ ഗ്രഹിക്കുമല്ലോ.

യാക്കോബായക്കാരുടെ ഒരു മാന്യനേതാവും, ഒരു കത്തോലിക്ക വൈദികനുമായുണ്ടായ ഒരു സംഭാഷണത്തിൽ "അച്ചാ, നിങ്ങളുടെ അപ്രമാദിത്വം (Infallibility) എന്നതാണ് ഞങ്ങളെ അധികമായി വിഷമിപ്പിക്കുന്നത്. അതില്ലായിരുന്നെങ്കിൽ ഈ സഭകൾ തമ്മിൽ യോജിക്കുന്നതിനു ഒരു പ്രയാസവുമില്ലായിരുന്നു " എന്നു ആ യാക്കോബായക്കാരൻ പറഞ്ഞതായി നമ്മുടെ വൃദ്ധൻ ഒരിക്കൽ കേട്ടു. അതു കേട്ടപ്പോൾ ചിരിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്: " ഹാ! അയാൾ ഇത്ര ഭോഷനാണോ? കാതോലിക്കാ സഭയിലേക്കു എന്നെ മുഖ്യമായും ആകർഷിച്ചതു ഈ അപ്രമാദിത്വമാണ്. അതില്ലെങ്കിൽ, ഇത്രയധികം നിബന്ധനകളുള്ള പ്രസ്തുത സഭയിൽ ഒരു നിമിഷം പോലും ഞാൻ നില്ക്കുകയില്ല. അതിനും തെറ്റിപ്പോകാമെങ്കിൽ അതും ഇതര സഭ


www.malankaralibrary.com

കളും തമ്മിൽ എന്താണ് വ്യത്യാസം? കുറെക്കൂടെ സ്വാതന്ത്ര്യമുള്ള ഒരു സഭയിൽ എനിക്കു നിന്നുകൂടെയോ? എന്നുവേണ്ട, എന്റെ സൗകര്യമനുസരിച്ചു സ്വന്തമായി ഒരു നവീന സഭയുണ്ടാക്കി അതിൽ എനിക്കു ജീവിച്ചു കൂടെയോ? പ്രമാദമുള്ള ഏതൊരു സഭയോടും സമമുള്ളതായിരിക്കുമല്ലോ എന്റെ ആ സഭയും- അതിനാൽ പ്രമാദരഹിതമായ ഏക സഭ കാതോലിക്കാ സഭയാണെന്നു കാണുന്നതുകൊണ്ടുമാത്രമാണ് ഞാനതിൽ ചേർന്നതും, ഇന്നും അതിൽ ജീവിക്കുന്നതും.

ഒരു പ്രസിദ്ധ വാഗ്മിയും താർക്കികനുമായിരുന്ന പരേതനായ ഐരുർ വില്ലോത്ത് മി.നൈനാൻ വറുഗീസിനെപ്പറ്റി പലരും കേട്ടിരിക്കുമല്ലോ. കുറെ കൊല്ലങ്ങൾക്കു മുമ്പ് ഐരൂരുള്ള കർമ്മലീത്ത ആശ്രമം സന്ദർശിക്കാനായി മി.കോരുത് അവിടെ ചെന്നിരുന്ന അവസരത്തിൽ അവർ തമ്മിൽ കാണാനിടയായി. പരസ്പരം കേട്ടറിവേ ഉണ്ടായിരുന്നുള്ളൂ. ആ പ്രഥമ സന്ദർശനവേളയിൽ സരസനായ മി.നൈനാൻ വർഗ്ഗീസ് ഇങ്ങനെ ചോദിച്ചു. 'എന്റെ വലിയപ്പാ ഇതെന്തുപറ്റി? എന്തുകൊണ്ടാണ് ഈ അബദ്ധത്തിൽ ചെന്നു ചാടിയത്? ഞങ്ങളാണെങ്കിൽ ചെറുപ്പക്കാരാണ്. ബുദ്ധിക്കും മറ്റും വേണ്ട പക്വത വന്നിട്ടില്ല. അതുകൊണ്ട് ഓരോ അബദ്ധത്തിൽ ചെന്നു ചാടിയെന്നു വരാം. അതിൽ വിസ്മയിക്കാനുമില്ല. എന്നാൽ, വലിയപ്പനെപ്പോലെ ഇത്ര പ്രായവും നല്ല ജ്ഞാനവും പക്വതയുമെല്ലാം സിദ്ധിച്ചവർ ഇങ്ങനെ നിൽക്കുന്ന നിലവിട്ട് റോമായിലേയ്ക്കും മറ്റും എടുത്തുചാടിയാൽ അതേപറ്റി എന്തുപറയട്ടെ'

വൃദ്ധൻ: എന്റെ കുഞ്ഞേ, ഞാനും അക്കാര്യം തന്നെയാണു വിചാരിക്കുന്നത്. എനിക്കാണെങ്കിൽ വയസ്സ് എമ്പതോളമായി. ശവക്കുഴിയിലേക്കു കാൽ നീട്ടിക്കഴിഞ്ഞു. ഇനി ലോകത്തിനുവേണ്ട, ലോകത്തെയും വേണ്ട എന്ന നിലയിലായി മരണം പാർത്തിരിക്കുകയാണ്. എന്റെ അന്വേഷണത്തിൽ മരിക്കാൻ കത്തോലിക്കാസഭപോലെ ഇത്ര വിശിഷ്ടമായ വേറൊരു സഭ ഞാൻ കാണുന്നില്ല. ജീവിക്കാൻ മാത്രമാണെങ്കിൽ ഇതു ഒട്ടും പറ്റിയതുമല്ല. അതിനാകട്ടെ നമ്മുടെ യാക്കോബായ, മാർത്തോമ്മാ, പ്രോട്ടസ്റ്റന്റ് ആദിയായവയാണ് അധികം നല്ലത്. അങ്ങനെയിരിക്കെ, യൗവ്വനയുക്തരായ നിങ്ങളെപ്പോലുള്ളവർ, ജീവിതസുഖമനുഭവിക്കേണ്ടതായ ഈ ചെറുപ്രായത്തിൽ പ്രസ്തുത സഭകളിൽ നിന്നും മരിക്കാനുള്ളവർക്കുള്ള ഈ റോമാസഭയിൽ ചെന്നു ചാടിയിരിക്കുന്നതു എന്തുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇതിനാലാണ് എനിക്കു വിസ്മയം.


www.malankaralibrary.com

1980 ൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരിച്ച മലങ്കര സഭ പുനരൈക്യ സുവർണ്ണ ജൂബിലിപ്പതിപ്പിൽ പ്രൊഫ.മാത്യു മാവേലി പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി സത്യത്തിന്റെ നാവുമായി അരമുറുക്കി തത്വദീക്ഷയോടെ സമൂഹത്തിലേക്കിറങ്ങിയ ഈ അനുപമസഭാസ്നേഹിയെ സ്മരിച്ചിട്ടുണ്ട്. 1937 ആഗസ്റ്റ് 8 ന് ഈ മഹാനുഭവൻ ദിവംഗതനായി. മരണം വരെ സത്യസഭയായ കത്തോലിക്കാ സഭയ്ക്കുവേണ്ടി പ്രേക്ഷിത ശുശ്രൂഷ നിർവ്വഹിച്ച "തുമ്പമൺ വല്യപ്പൻ" മലങ്കര കത്തോലിക്കാ സഭാ മക്കളിൽ സഭാ സ്നേഹത്തിന്റെ ആവേശം പകരുന്ന ധന്യ ജീവിതത്തിനുടമയാണ്. ഈ ധന്യമായ ഓർമ്മ സഭാമക്കളിൽ ആഴമായ സ്നേഹവും ചരിത്രസ്നേഹവും പ്രോജ്ജ്വലിപ്പിക്കും എന്നതിൽ സംശയമില്ല.

*********************


www.malankaralibrary.com

# ചക്കാലമണ്ണിൽ കുടുംബം

**തോമസ് കോരുത്**
**1749–1836**

2 ആൺ മക്കൾ

**കോശി തോമസ്**
1770–1850
പടിഞ്ഞാറ്റേൽ ശാഖ

**കോരുത് തോമസ്**
1772–1856
കിഴക്കേൽ ശാഖ

---

**കോരുത് തോമസ്**
1772–1856
കിഴക്കേൽ ശാഖ

X

**സാറാ തട്ടകണിച്ചേരി**
കളീയ്ക്കൽ
1772–1856
കിഴക്കേൽ ശാഖ

---

1 മകൻ

**കോരുത് തോമാ തരകൻ**
1810–1898

X

**അന്നമ്മ തേവർവേലിൽ**

6 മക്കൾ

4 ആൺമക്കൾ

**തൊമ്മൻ കോരുത്**
ഇടയിലെ വീട്ടിൽ
(തുമ്പമൺ വല്ല്യപ്പൻ)
(1853–1937)
X
**അന്നമ്മ അമ്പനാട്ട്**
പോരുവഴി

**തൊമ്മൻ മത്തായി**
പുത്തൻപുരയ്ക്കൽ
X
**കാണ്ടമ്മ തേരകത്ത്**
കൈപ്പട്ടൂർ

**കൊച്ചുകോശി**
പൊന്നാറ്റുംകാലായിൽ
X
**തങ്കമ്മ തോണ്ടുപുറത്ത്**
തേവലക്കര

**തൊമ്മൻ കൊച്ചുമ്മൻ**
കിഴക്കേതിൽ
X
**ശോശാമ്മ**
ഊരിയേൽപടിക്കൽ
പുറമറ്റം

---

2 പെൺമക്കൾ

**സാറാ തോമസ്**
X
**ഉമ്മൻ കരിവേലിൽ**
മാന്നാർ

**അന്നമ്മ തോമസ്**
X
**തോമസ് ശങ്കരമംഗലം**
ഇരവിപേരൂർ


www.malankaralibrary.com

# ചക്കാലമണ്ണിൽ കിഴക്കേതിൽ ശാഖ

**തൊമ്മൻ കോരുത്**
ചക്കാലമണ്ണിൽ ഇടയിലേ വീട്ടിൽ
(തുമ്പമൺ വല്ല്യപ്പൻ)

X

**അന്നമ്മ**
അമ്പനാട്ട്, പോരുവഴി

ഇവർക്ക് 9 മക്കൾ

പെൺമക്കൾ – 6
ആൺ മക്കൾ – 3

**അന്നമ്മ**
X
**മാത്യു ജോർജ്ജ്**
പേട്ടയിൽ
തുമ്പമൺ

**ചേച്ചമ്മ**
X
**ജോർജ്ജ്**
കരിങ്ങോട്ട്
പുത്തൻവീട്
പുലമൺ
കൊട്ടാരക്കര

**സാറാമ്മ**
X
**ഉമ്മൻ**
ആഞ്ഞിലി
വേലിൽ
പള്ളിപ്പാട്

**ശോശാമ്മ**
X
**ജോൺ**
തെരുവപ്പ
ള്ളിൽ
ചെങ്ങന്നൂർ

**മറിയാമ്മ**
X
**തോമസ്**
പാലവിളയിൽ
കിഴക്കേത്തെരുവ്
കൊട്ടാരക്കര

**സി.കോരുത് തോമസ്**
X
**ഏലിയാമ്മ**
ആവിയോട്ട്
കൊട്ടാരക്കര

**ഏലിയാമ്മ**
X
**ചാക്കോച്ചൻ**
കണ്ടത്തിൽ
വള്ളംകുളം

**സി.കോരുത് കോശി**
(കൊച്ചോയികുഞ്ഞ്)
X
**ശോശാമ്മ**
പടിഞ്ഞാറ്റേൽ
ഏനാത്ത്

**സി.കോശി കോരുത്**
(അവിവാഹിതനായി മരണമടഞ്ഞു)


www.malankaralibrary.com

**സി. കോരുത് കോശി**
(കൊച്ചോയിക്കുഞ്ഞ്)
1894 – 1976

X

**ശോശാമ്മ കോശി**
പടിഞ്ഞാറ്റേതിൽ, ഏനാത്ത്
1903 – 1976

ഇവർക്ക് 8 മക്കൾ

| പെൺമക്കൾ – 3 |
|---|
| ആൺ മക്കൾ – 5 |

**സി. കോശി കോരുത്**
(ബേബി)
1928 – 2014

**സി. കെ. തോമസ്**
(പാപ്പച്ചൻ)

**റവ. ഫാ.**
**സി. കെ. കോശി**
(അനിയൻകുഞ്ഞ്)

**ചേച്ചമ്മ ജോസഫ്**
(അമ്മിണി)

**റവ. സി. വിക്ടിമ**
(കുഞ്ഞിന്നാമ്മ)

**റവ. സി. സെബിയ**
(കുഞ്ഞമ്മ)

**സി. കെ. ജോസഫ്**
(കുഞ്ഞുമോൻ)

**സി. ജേക്കബ് കോശി**
(ജയിംസുകുട്ടി)



www.malankaralibrary.com

# ചക്കാലമണ്ണിൽ
# കോശി കോരുത്

**(08.05.1894–30.10.1976)**

**x**

# ശോശാമ്മ കോശി
## പടിഞ്ഞാറ്റേൽ, ഏനാത്ത്

**(15.10.1903 – 08.04.1976)**



**കോരുത് കോശി & ശോശാമ്മ കോശി**

**41-ാം ചരമവാർഷികം**

**പി**താമഹൻ ചക്കാലമണ്ണിൽ തുമ്പമൺ വല്ല്യപ്പന്റെ ദർശനങ്ങളും വിശ്വാസവും അങ്ങേയറ്റം തീഷ്ണതയോടും തീവ്രതയോടും കൂടി പിൻതുടർന്ന അദ്ദേഹത്തിന്റെ ഇളയമകനാണ് ശ്രീ. ചക്കാലമണ്ണിൽ കോരുത് കോശി. (കൊച്ചോയിക്കുഞ്ഞ്).

രാമൻചിറ ഇടവകയുടേയും നാടിന്റെയും വളർച്ചയിലും ഉയർച്ച യിലും ഏറ്റവും കൂടുതൽ ആത്മാർപ്പണം ചെയ്ത ഒരു വ്യക്തിത്വം എന്ന നിലയിൽ ശ്രീ. കോരുത് കോശിയെ നാം അനുസ്മരിക്കുന്നത് അനിവാര്യം തന്നെ. 'തുമ്പമൺ വല്ല്യപ്പന്റെ' മരണശേഷം



www.malankaralibrary.com

ശ്രീ. കോരുത് കോശിയുടെ ശ്രമഫലമായി കൂടുതൽ വിശ്വാസികളെ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് ആനയിക്കുകയും തന്മൂലം രാമൻചിറ ഇടവകാംഗങ്ങളുടെ എണ്ണം ക്രമേണ വർദ്ധിക്കുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയ്ക്കു കീഴിൽ നിലകൊണ്ട രാമൻചിറ ഇടവകയുടെ അഭ്യുന്നതിക്കും നിലനിൽപ്പിനും വേണ്ടി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനോടും അദ്ദേഹത്തിന്റെ കാലശേഷം അഭിവന്ദ്യ ബെനഡിക്ട് മാർ ഗീഗോറിയോസ് പിതാവിനോടും ചേർന്നു നിന്നു പ്രവർത്തിച്ച ഞങ്ങളുടെ അപ്പച്ചൻ ശ്രീ. കോരുത് കോശി ചക്കാലമണ്ണിൽ, ഞങ്ങൾ മക്കളിലേക്ക് പകർന്നുനൽകിയ വിശ്വാസചൈതന്യം ഇന്നും അഭംഗുരം കാത്തുസൂക്ഷിക്കുവാനും, പകർന്നു നൽക്കുവാനും സാധിക്കുന്നു എന്നതിന്റെ പിന്നിൽ ഞങ്ങളുടെ പിതാമഹന്മാരുടെ അദൃശ്യകരങ്ങൾ ഞങ്ങൾ ദർശിക്കുന്നു; അനുഭവിക്കുന്നു.

രാമൻചിറ ഇടവക ദേവാലയത്തിൽ എല്ലാ ഞായറാഴ്ചകളിലും വി.കുർബ്ബാന അർപ്പണം ഇല്ലാതിരുന്ന കാലത്ത്, വിദൂരസ്ഥലമായിരുന്ന കൊട്ടാരക്കര കത്തോലിക്കാ ദേവാലയത്തിൽ പോയി, കുടുംബസമേതംതന്നെ മുടങ്ങാതെ അപ്പച്ചൻ ഞായറാഴ്ചകളിൽ വി.കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. ശനിയാഴ്ചതന്നെ യാത്രതുടങ്ങി, കൊട്ടാരക്കരയിലുള്ള തന്റെ പെങ്ങളുടെ വീട്ടിൽ താമസിച്ചാണ് അദ്ദേഹം ഞായറാഴ്ച ദിവ്യബലിയിൽ സംബന്ധിച്ചിരുന്നത്. രണ്ടാംലോകമഹായുദ്ധത്തിനു ശേഷമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ ഇത്രമാത്രം കഷ്ടതകളും പ്രയാസങ്ങളും അതിജീവിച്ചുകൊണ്ടുള്ള ഈ യാത്രകൾക്കു പിന്നിൽ ഉണ്ടായ പ്രചോദനത്തിനും നിർബന്ധബുദ്ധിയും കാരണം സത്യസഭയോടുള്ള തന്റെ സ്നേഹവും വിശ്വാസദൃഢതയും ആയിരുന്നു എന്നതിൽ തർക്കമില്ല.

തന്റെ പിതാവ് നിർമ്മിച്ച ചാപ്പൽ കൂടുതൽ വിസ്തൃതിയോടെ പുതുക്കിപ്പണിയുവാനും മനോഹരമായ ഒരു വൈദീകമന്ദിരം രാമൻചിറ ഇടവകയ്ക്കുവേണ്ടി നിർമ്മിക്കുവാനും അഭിവന്ദ്യ മാർ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം ചേർന്നുനിന്നു പ്രവർത്തിച്ചു തന്റെ പിതാവ് ദാനം ചെയ്ത വസ്തുവിൽ തന്നെയുള്ള സെമിത്തേരിയിൽ പിതാവിന്റെ മനോഹരമായ ഒരു കല്ലറ പണിയുകയും ചെയ്തു. “തുമ്പമൺ വല്ല്യപ്പന്റെ” മരണത്തിന്റെ ഓർമ്മ ദിവസങ്ങളിൽ വി.കുർബ്ബാനയും ധൂപപ്രാർത്ഥനയും ചൊല്ലുവാൻ ശ്രീ.കോരുത് കോശി തന്റെ മരണം വരെയും ശ്രദ്ധിച്ചിരുന്നു.


www.malankaralibrary.com

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള കാലഘട്ടത്തിൽ തിരുവിതാംകൂർ ദേശത്തൊട്ടാകെ കനത്ത ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും വന്നു ഭവിച്ചപ്പോൾ തുമ്പമൺ വടക്കേക്കര ഭാഗത്തുള്ള സാധുക്കൾക്ക് ഭക്ഷ്യ പദാർത്ഥങ്ങൾ നല്കിയും കിടപ്പാടം നൽകിയും അവർക്കു തുണയും സങ്കേതവുമായി ശ്രീ.കോരുത് കോശിയും ഭാര്യ ശോശാമ്മ കോശിയും നിലകൊണ്ടു എന്ന ജീവിതയാഥാർത്ഥ്യം തുമ്പമൺ വടക്കേക്കരയിൽ കഴിഞ്ഞിരുന്ന പഴയ തലമുറയ്ക്ക് അറിവുള്ളതാണ്. ശ്രീമതി ശോശാമ്മ കോശിയുടെ സംസ്കാരചടങ്ങിൽ ചരമപ്രസംഗം നൽകിയ വൈദിക ശ്രേഷ്ഠൻ പറഞ്ഞ വാക്കുകൾ ഇവിടെ പ്രസക്തമാണ്. "ഈ തുമ്പമൺ പ്രദേശത്ത് വിശപ്പിന്റെ തീവ്രത അറിഞ്ഞിരുന്ന മക്കൾക്ക് എപ്പോഴും ഈ അമ്മച്ചിയുടെ ഹൃദയത്തിലൊരിടവും, കരുതലോടെ വിളമ്പുന്ന ഭക്ഷണവും ഉണ്ടായിരുന്നത് ആർക്കാണ് മറക്കാനാവുക..."

അതോടൊപ്പം സഭയിൽ നിലനിന്നിരുന്ന സംവിധാനത്തിലൂടെ ലഭിച്ചിരുന്ന ഗോതമ്പ്, പാൽപ്പൊടി, എണ്ണ ഇവയൊക്കെ ആവശ്യക്കാരെ തിരിച്ചറിഞ്ഞ്, ജാതിയോ, മതമോ, വേർതിരിവുകാണിക്കാതെ ലഭ്യമാക്കിയതിനു പിന്നിലുണ്ടായിരുന്ന ശ്രീ.കോരുത് കോശിയുടേയും ശോശാമ്മ കോശിയുടേയും കരുതലുകൾ എടുത്തു പറയേണ്ടതു തന്നെ.

